# മലങ്കരസഭാദീപം

A FORTNIGHTLY WITH ECUMENICAL VISION

വാല്യം 19 | ലക്കം 1 | പേജ് 8 | നവംബർ 1–15



2 നെറിവ്, അറിവ്, തിരിച്ചറിവ്

3 അബ്ദേദു മ്ശിഹാ പാത്രിയർക്കീസ് പുറപ്പെടുവിച്ച സ്താത്തിക്കോനുകൾ

4 ധ്യാനപീഠം

5 പൊതുജനസമ്പർക്ക പരിപാടി സഭാതലത്തിൽ


## ആവേശം അലകടലായി മാറിയ മാർത്തോമ്മൻ പൈതൃക സ്മൃതിയാത്ര തെക്കൻഭദ്രാസനങ്ങളിൽ പര്യടനം പൂർത്തിയാക്കി

നിരണം : കാതോലിക്കേറ്റ് ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി നടന്ന മാർത്തോമ്മൻ പൈതൃക സ്മൃതിയാത്ര തെക്കൻ ഭദ്രാസനങ്ങളിൽ ആവേശോജ്ജ്വലമായ പര്യടനം പൂർത്തിയാക്കി. പ.കാതോലിക്കാ ബാവാ മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിതമായ തിരുവിതാംകോട് പള്ളിയിൽ ഒക്ടോബർ 20ന് ഉദ്ഘാടനം ചെയ്ത സന്ദേശയാത്ര ഒക്ടോബർ 28ന് പരുമലയിൽ സമാപിച്ചു.

തിരുവനന്തപുരം, കൊല്ലം, കൊട്ടാരക്കര – പുനലൂർ, അടൂർ – കടമ്പനാട്, മാവേലിക്കര, ചെങ്ങന്നൂർ, തുമ്പമൺ, ഇടുക്കി, നിലയ്ക്കൽ, നിരണം എന്നീ തെക്കൻ ഭദ്രാസനങ്ങളിലാണ് സന്ദേശയാത്രയുടെ ആദ്യഘട്ടം പൂർത്തിയായിരിക്കുന്നത്. നിരണത്തു നടന്ന സമാപനസമ്മേളനത്തിൽ പ.കാതോലിക്കാ ബാവാ അദ്ധ്യക്ഷത വഹിച്ചു. നിരണം ഭദ്രാസന അദ്ധ്യക്ഷൻ ഡോ.യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ അനുഗ്രഹപ്രഭാഷണം നടത്തി. സന്ദേശയാത്ര കൺവീനർ ഫാ.ഡോ.എം.ഒ.ജോൺ, തെക്കൻ മേഖലാ ക്യാപ്റ്റൻ ഡോ.ജോർജ് ജോസഫ് എന്നിവർ പ്രസംഗിച്ചു.

തിരുവിതാംകോട് സെന്റ് മേരീസ് ദേവാലയത്തിൽ നടന്ന ഉദ്ഘാടന സമ്മേളനത്തിൽ തിരുവനന്തപുരം ഭദ്രാസന മെത്രാപ്പോലീത്താ ഡോ.ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് അദ്ധ്യക്ഷത വഹിച്ചു. മെത്രാപ്പോലീത്തന്മാരായ സഖറിയാസ് മാർ അന്തോണിയോസ്, തോമസ് മാർ അത്താനാസിയോസ്, കുറിയാക്കോസ് മാർ ക്ലിമ്മീസ്, യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, മാത്യൂസ് മാർ തേവോദോസിയോസ്, യൂഹാനോൻ മാർ തേവോദോറോസ്, സഖറിയാസ് മാർ അപ്രേം, ജോഷ്വാ മാർ നിക്കോദിമോസ്, മാത്യൂസ് മാർ തീമോത്തിയോസ് എന്നിവരുടെ നേതൃത്വത്തിൽ ഭദ്രാസന സെക്രട്ടറിമാരും സഭാമാനേജിംഗ് കമ്മിറ്റി അംഗങ്ങളും, ഭദ്രാസന കൗൺസിൽ അംഗങ്ങളും ആത്മീയ സംഘടനാകേന്ദ്ര ഭാരവാഹികളും ചേർന്ന് അതതു ഭദ്രാസനങ്ങളിൽ സന്ദേശയാത്രയ്ക്ക് നേതൃത്വം നൽകി. വിവിധ ഭദ്രാസനങ്ങളിലും കേന്ദ്രങ്ങളിലും നടന്ന സ്വീകരണ സമ്മേളനങ്ങളിൽ മന്ത്രിമാരായ ഷിബു ബേബി ജോൺ, കൊടിക്കുന്നിൽ സുരേഷ്, കെ.സി.വേണുഗോപാൽ, അടൂർ പ്രകാശ് തുടങ്ങിയവരും, ആർ.ബാലകൃഷ്ണപിള്ള, പീതാംബരക്കുറുപ്പ് എം.പി., ഐഷാ പോറ്റി, ചിറ്റയം ഗോപകുമാർ, ഡോ.എൻ.ജയരാജ്, മാത്യു റ്റി.തോമസ്, ആർ.ശിവദാസൻനായർ, രാജു ഏബ്രഹാം, ജോസഫ് എം.പുതുശ്ശേരി, ബെന്നി കക്കാട്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ബാബു ജോർജ് തുടങ്ങി രാഷ്ട്രീയ സാമൂഹ്യ നേതാക്കന്മാരും വൈദികരും പ്രസംഗിച്ചു.

## കാതോലിക്കേറ്റ് ശതാബ്ദി സംഗമം നവംബർ 25ന് എറണാകുളത്ത്

കോട്ടയം : മലങ്കര ഓർത്തഡോക്സ് സഭാസ്ഥാപനത്തിന്റെ 1960–ാം വാർഷികവും കാതോലിക്കേറ്റ് സ്ഥാപനത്തിന്റെ ശതാബ്ദി മഹാസംഗമവും നവംബർ 25ന് എറണാകുളം മറൈൻഡ്രൈവിൽനടക്കും. പ.ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ അദ്ധ്യക്ഷത വഹിക്കുന്ന സമ്മേളനം മുൻ രാഷ്ട്രപതി ഡോ. എ.പി.ജെ.അബ്ദുൽ കലാം ഉദ്ഘാടനം ചെയ്യും. ടിബറ്റൻ ആത്മീയ ആചാര്യൻ ദലൈലാമ വിഞ്ജപ്തി പ്രഭാഷണം നടത്തും. വിവിധ രാഷ്ട്രീയ സാമൂഹ്യ സഭാനേതാക്കന്മാർ ചടങ്ങിൽ പ്രസംഗിക്കും.

ആഘോഷപരിപാടികളുടെ ഭാഗമായി സഭ-ഇടവക-ഭദ്രാസന തലങ്ങളിലായി നൂറു കോടിയിൽപരം രൂപയുടെ ജീവകാരുണ്യ പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. ശതാബ്ദി സമ്മേളനത്തിൽ സഭയിലെ എല്ലാ ഇടവകകളിൽനിന്നും പ്രതിനിധികൾ പങ്കെടുക്കും.

## ശതാബ്ദി ഭവനദാനഫണ്ട് വിതരണം ചെയ്തു

പരുമല : കാതോലിക്കേറ്റ് ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി അബുദാബി സെന്റ് ജോർജ് ഓർത്തഡോക്സ് കത്തീഡ്രൽ നിർമ്മിച്ചു നൽകുന്ന ഭവനദാനത്തിന്റെ ഫണ്ട് വിതരണോദ്ഘാടനം പ.ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ നിർവ്വഹിച്ചു. സെമിനാരി മാനേജർ ഔഗേൻ റമ്പാൻ, ജോസഫ് റമ്പാൻ, കെ.കെ. സ്റ്റീഫൻ, മാത്യു സഖറിയാ, പി.കെ.സാജൻ, റെജി ജോർജ് തുടങ്ങിയവർ പ്രസംഗിച്ചു.


## പരുമലപെരുന്നാളിന് കൊടിയേറി

പരുമല : ആയിരക്കണക്കിന് വിശ്വാസികൾ സാക്ഷിനിൽക്കെ പ.പരുമല തിരുമേനിയുടെ 110–ാം ഓർമ്മപ്പെരുന്നാളിന് കൊടിയേറി. പ.ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ പരുമല പള്ളിയങ്കണത്തിൽ കൊടിയേറ്റിയപ്പോൾ നിരണം ഭദ്രാസനാധിപൻ ഡോ.യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്തായും റമ്പാന്മാരും വൈദികരും സംബന്ധിച്ചു. കൊടിയേറ്റിനു മുമ്പ് നടന്ന പ്രദക്ഷിണത്തിൽ തുമ്പമൺ, നിരണം, മാവേലിക്കര, ചെങ്ങന്നൂർ തുടങ്ങി വിവിധ ഭദ്രാസനങ്ങളിൽനിന്നുള്ള വൈദികരടക്കം ആയിരക്കണക്കിന് വിശ്വാസികൾ പങ്കുചേർന്നു. തുടർന്ന് നടന്ന സമ്മേളനത്തിൽ പ.കാതോലിക്കാ ബാവാ തീർത്ഥാടനവാരത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ അഖണ്ഡപ്രാർത്ഥന, ധ്യാനം, മദ്ധ്യസ്ഥപ്രാർത്ഥന, ഗാനശുശ്രൂഷ, വചനശുശ്രൂഷ, പരിസ്ഥിതി സെമിനാർ, സൗജന്യ മെഡിക്കൽ ക്യാമ്പ്, സാംസ്ക്കാരിക സമ്മേളനം, യുവജനസംഗമം, തീർത്ഥാടകസംഗമം, ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ ബാവായുടെ ജന്മദിന സ്തോത്ര ശുശ്രൂഷ, കാതോലിക്കേറ്റ് ശതാബ്ദി സിംപോസിയം, വിദ്യാർത്ഥിസംഗമം തുടങ്ങി വിവിധ പരിപാടികളാണ് ഈ വർഷം പെരുന്നാളിനോടനുബന്ധിച്ച് ക്രമീകരിച്ചിരിക്കുന്നത്. നവംബർ 2–ാം തീയതി വെള്ളിയാഴ്ച രാത്രി മൂന്നുമണിക്ക് ഏബ്രഹാം മാർ എപ്പിഫാനിയോസ് മെത്രാപ്പോലീത്തായും 5.45ന് ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായും വി.കുർബ്ബാന അർപ്പിക്കും. രാവിലെ 8.30ന് പ.കാതോലിക്കാ ബാവായുടെ പ്രധാന കാർമ്മികത്വത്തിലും കുറിയാക്കോസ് മാർ ക്ലിമ്മീസ്, ഡോ.യൂഹാനോൻ മാർ ദീയസ്കോറോസ് എന്നീ മെത്രാപ്പോലീത്തന്മാരുടെ സഹകാർമ്മികത്വത്തിലും വി.മൂന്നിന്മേൽ കുർബ്ബാന നടക്കും.

## മർത്തമറിയം വനിതാ സമാജം വാർഷിക കോൺഫറൻസ് സമാപിച്ചു

സുൽത്താൻ ബത്തേരി : സെന്റ് മേരീസ് കത്തീഡ്രലിൽ മൂന്നുദിവസമായി നടന്ന അഖില മലങ്കര മർത്തമറിയം വനിതാ സമാജം രാജ്യാന്തര സമ്മേളനം സമാപിച്ചു. സമാപന സമ്മേളനം മന്ത്രി പി.കെ.ജയലക്ഷ്മി ഉദ്ഘാടനം ചെയ്തു. സ്ത്രീസമൂഹത്തിന്റെ പുരോഗതിയുടെ രാജ്യാന്തര നിലവാരം നാം നേടിയിട്ടില്ലെങ്കിലും ധാർമ്മികതയിലും കുടുംബഭദ്രതയിലും കേരളം മറ്റ് പ്രദേശങ്ങളേക്കാൾ മുന്നിലാണെന്ന് മന്ത്രി ജയലക്ഷ്മി പറഞ്ഞു. സമാജം പ്രസിഡന്റ് ഡോ.യൂഹാനോൻ മാർ തേവോദോറോസ് അദ്ധ്യക്ഷത വഹിച്ചു. ഡോ.ഏബ്രഹാം മാർ എപ്പിഫാനിയോസ് സമാപന സന്ദേശം നൽകി. ഫാ.മാത്യു വർഗീസ്, ഫാ.മോൻസി ജേക്കബ്, പ്രൊഫ.മേരി മാത്യു, മേരി ഏലിയാസ് തുടങ്ങിയവർ പ്രസംഗിച്ചു.

വിവിധ സമ്മേളനങ്ങളിൽ ഫാ.ഡോ.ജേക്കബ് കുര്യൻ, ഫാ.ഡോ.എം.ഒ.ജോൺ, ഫാ.ഡോ.ഏബ്രഹാം തോമസ് തുടങ്ങിയവർ പഠനക്ലാസ്സുകൾക്ക് നേതൃത്വം നൽകി. സമാജത്തിന്റെ ആഭിമുഖ്യത്തിലുള്ള വിദ്യാഭ്യാസ, ചികിത്സാ സഹായങ്ങൾ സമ്മേളനത്തിൽ വിതരണം ചെയ്തു. കേരളത്തിനകത്തും പുറത്തുമുള്ള മലങ്കരസഭയുടെ വിവിധ ഇടവകകളിൽനിന്നായി ആയിരത്തിലധികം സ്ത്രീകൾ പങ്കെടുത്തു.



**John Mathew, Gracy , Jerin Keeppallil, Kudassanadu**

# നെറിവ്, അറിവ്, തിരിച്ചറിവ്

**മാധ്യമ ദീപം**

ഫാ.സി.ഡി.തോമസ് വടകോട്

### വിദ്യാഭ്യാസലക്ഷ്യങ്ങൾ

വിദ്യാഭ്യാസത്തിന്റെ മൂന്ന് ഉൾപിരിവുകളെക്കുറിച്ച് പറയുന്നത് നെറിവ്, അറിവ്, തിരിച്ചറിവ് ഇവയാണ്. സമൂഹത്തിന്റെ സുരക്ഷയ്ക്കും നിലനിൽപ്പിനുമായി സമൂഹം വ്യക്തിക്കുമേൽ കാലാകാലങ്ങളിൽ ഏർപ്പെടുത്തുന്ന വ്യവസ്ഥകളാണ് നെറിവ്. സാമൂഹിക മര്യാദകൾ എന്നു വിളിക്കപ്പെടുന്ന നെറിവുകൾ പഠിപ്പിക്കുന്ന മഹാപാഠശാലകളായി കുടുംബങ്ങളെ കണക്കാക്കുന്നു. അറിവും അതിന്റെ വഴികളും അനന്തമാണ്. അറിവിന് അതിരുകളേയില്ല. അറിവുമാത്രം സമ്പാദിച്ച് സമൂഹത്തിന്റെ എത്ര മേൽത്തട്ടിലായാലും നെറിവും കിട്ടിയില്ലെങ്കിൽ അയാളൊരു മുറിവിദ്യക്കാരൻ മാത്രമായിരിക്കും. മുറിവിദ്യാഭ്യാസക്കാരൻ അപകടകാരിയാണ്. നെറിവിലുണ്ടാകുന്ന തിരിച്ചറിവ് പൊതുതാൽപര്യംകൂടി കണക്കിലെടുക്കുന്ന തിരിച്ചറിവായിരിക്കും. നെറിവ് ഉറയ്ക്കാത്തവരുടെ തിരിച്ചറിവ് തികച്ചും സ്വകാര്യ താൽപര്യങ്ങൾ സംരക്ഷിക്കാൻ മാത്രമായിരിക്കും. അതുകൊണ്ട് തലമുറകൾക്ക് നെറിവു പകർന്നു നൽകേണ്ട കുടുംബങ്ങളും അറിവു നൽകേണ്ട വിദ്യാഭ്യാസ സ്ഥാപനങ്ങളും പരാജയപ്പെടുന്നിടത്ത് വ്യക്തിബന്ധങ്ങൾ കുടുംബജീവിതങ്ങൾ, സമൂഹനിലനിൽപ്പ് എല്ലാം തകരും. എക്ലീസിയ ത്രൈമാസികയുടെ കഴിഞ്ഞ ലക്കത്തിലാണ് പ്രകൃതിയിൽനിന്നും പഠിക്കുക എന്ന ലേഖനത്തിൽ റവ.സന്തോഷ് തോമസ് ഇപ്രകാരം എഴുതിയിരിക്കുന്നത്.

സമഗ്രമായ ജീവനെ പരിപോഷിപ്പിക്കുന്ന വിദ്യാഭ്യാസം എന്ന ലേഖനത്തിൽ ലിറ്റി ജോസ് എഴുതുന്നു ഓരോ കുഞ്ഞും ദൈവത്തിന്റെ ദാനവും വിലയേറിയ സ്വത്തും വാഗ്ദാനവും അതോടൊപ്പം ഒരു വെല്ലുവിളിയുമാണ്. കുഞ്ഞുങ്ങൾ ആർക്കു ജനിച്ചാലും എവിടെ വളർത്തപ്പെട്ടാലും അവർ സമൂഹത്തിന്റെ പൊതുസ്വത്താണ്. ആരോഗ്യദൃഢമായ ശരീരത്തിൽ ആരോഗ്യമുള്ള മനസ്സിനെ സൃഷ്ടിക്കുന്നതാണ് അരിസ്റ്റോട്ടിൽ പറയുമ്പോൾ മനുഷ്യന്റെ ശരീരത്തിലും മനസ്സിലും ആത്മാവിലുമുള്ള ഏറ്റവും നല്ല അംശങ്ങളെ പുറത്തുകൊണ്ടുവരുന്നതെന്തോ അതാണ് ഉത്തമ വിദ്യാഭ്യാസമെന്ന് ഗാന്ധിജി പറയുന്നു. അങ്ങനെയെങ്കിൽ വിദ്യാഭ്യാസ പ്രക്രിയയുടെ ധർമ്മങ്ങൾ വ്യക്തിയെ മാത്രമല്ല സമൂഹത്തെയും ലക്ഷ്യമാക്കിയുള്ളതായിരിക്കണം. ഈ ഒരു ദൗത്യബോധത്തിലേക്കുള്ള മടങ്ങിപ്പോക്കിനുള്ള ആഹ്വാനത്തോടെയാണ് ഈ ലേഖനം അവസാനിക്കുന്നത്.

കുടുംബങ്ങളിൽ മരുഭൂമികൾ ഉണ്ടാകുന്നതെങ്ങനെ എന്ന റവ.സോണി ഫിലിപ്പിന്റെ ലേഖനം പഠനാർഹമാണ്. അതവസാനിക്കുന്നതിങ്ങനെ. കാരുണ്യത്തിന്റെ ഈർപ്പംകൊണ്ടുമാത്രമെ കുടുംബത്തിലെ മരുഭൂമികളെ ഹരിതഭൂമിയാക്കാൻ കഴിയൂ. നമ്മുടെ വാക്കിൽ കനിവും ചുണ്ടിൽ പുഞ്ചിരിയും ഹൃദയത്തിൽ നന്മയും ബന്ധങ്ങളിൽ ആത്മാർത്ഥതയും നിറയുമ്പോൾ വീടുകളിലെ മരുഭൂമികൾ മാറി പൂക്കാലത്തിന് സാധ്യതയുള്ള ഉർവ്വര നിലങ്ങളാകും.

### പ്രകൃതിജീവനം

ജീവിതാനന്ദത്തിന് പ്രകൃതിജീവനം എന്നതാണ് ആരോഗ്യമാസികയുടെ സെപ്റ്റംബർ ലക്കത്തിലെ പ്രധാന പ്രതിപാദ്യം. ജീവിക്കുക എന്ന കല ഓരോ വ്യക്തിയും പഠിക്കണം. ആരോഗ്യം എന്ന ആനന്ദാവസ്ഥയിലെത്താൻ അതല്ലാതെ മറ്റുവഴികളില്ല. വൈദ്യവും മരുന്നും ചേർന്ന് ജീവചൈതന്യത്തെ ഊറ്റിയെടുക്കാതിരിക്കാനും രോഗങ്ങളില്ലാതെ ജീവിക്കാനും പ്രകൃതി ജീവനം ശീലിക്കാം. നിത്യജീവിതത്തിൽ പകർത്തേണ്ട ആരോഗ്യശീലങ്ങളും ജീവിതശൈലി മൂലം വന്നുചേരുന്ന രോഗങ്ങൾക്കുള്ള പ്രകൃതി പരിഹാരവുമാണ് വിവിധ ലേഖനങ്ങളിൽ.

നമ്മുടെ നാട്ടിലെ ഹോട്ടലുകൾ എത്ര മാത്രം ആരോഗ്യപൂർണ്ണമാണ്. എന്തൊക്കെയാണ് ഹോട്ടൽ ഭക്ഷണം ഉണ്ടാക്കുന്ന അപകടങ്ങൾ. സച്ചിൻ റോയി മാത്യു എന്ന ചെറുപ്പക്കാരന്റെ മരണം ഉയർത്തിയ ഭക്ഷ്യസുരക്ഷാ ആകുലതകളിലേക്കുള്ള ഒരു അന്വേഷണമാണ് ഹോട്ടൽ ഭക്ഷണം സുരക്ഷിതമോ എന്ന ലേഖനം. രോഗങ്ങളകറ്റാൻ ജ്യൂസ് തെറാപ്പി എന്ന ലേഖനം രുചികരമായ ജ്യൂസ് കുടിച്ച് ആരോഗ്യം നേടുകയും രോഗം അകറ്റുകയും ചെയ്യാമെന്നതിനെ സംബന്ധിച്ചാണ്. ആരോഗ്യം വീണ്ടെടുക്കാൻ വർഷത്തിലൊരിക്കൽ ആയുർവേദ ചികിത്സയെടുക്കാം എന്ന ലേഖനവും കൊടുത്തിട്ടുണ്ട്. മരുന്നും മന്ത്രവും എന്ന പംക്തിയിൽ ഡോ.പുനത്തിൽ കുഞ്ഞബ്ദുള്ള സ്വപ്ന സങ്കീർത്തനം എന്ന ഹെഡ്ഡിംഗിൽ നാം കാണാറുള്ള വിവിധ സ്വപ്നങ്ങളെക്കുറിച്ചെഴുതുന്നു. ഒടുവിൽ പറയുന്നു മനുഷ്യന് എന്തും സ്വപ്നം കാണാം. പക്ഷെ മനുഷ്യൻ ഒരിക്കലും കാണാത്ത ഒരു സ്വപ്നമുണ്ട്. ദൈവത്തെ സ്വപ്നംകാണൽ. അരൂപനീശ്വരനദൃശ്യനായതിലെന്താശ്ചര്യം?!

ദീർഘായുസ്സിന് ടെൻഷൻ കുറയ്ക്കാം, അൽഷിമേഴ്സിന് പുതിയ മരുന്ന്തുടങ്ങിയ പഠനങ്ങളും പ്രസ്തുത ലക്കത്തിലുണ്ട്. ബുദ്ധി പലതരത്തിലുണ്ട്. ഭാഷാബുദ്ധി, ദൃശ്യബുദ്ധി, സംഗീതബുദ്ധി.... എന്നിങ്ങനെ. എല്ലാവർക്കും എല്ലാ ബുദ്ധിയും ഒരുപോലെ ഉണ്ടാവണമെന്നില്ല.

ബുദ്ധൻ ശിഷ്യരോടാരാഞ്ഞു. മനുഷ്യന്റെ ആയുസ്സെത്ര. 80 വർഷം, തെറ്റ് 70 വർഷം, തെറ്റ്, തെറ്റ് 60 വർഷം, തെറ്റ് എന്നാലെത്രെയാണ് മനുഷ്യായുസ്സ്. ബുദ്ധൻ മൂക്കിനുനേരെ വിരൽചൂണ്ടിപറഞ്ഞു ശ്വസനത്തിലാണ് ജീവിതമെല്ലാം കിടക്കുന്നത്. ശ്വസനാഭ്യാസങ്ങൾ ശീലമാക്കിയാൽ പൊരിവെയിലത്ത് തണുത്ത വെള്ളം കുടിക്കുന്നതുപോലെയുള്ള സുഖം അനുഭവപ്പെടും. ഇപ്പോൾ ജീവിക്കുക എന്ന ലേഖനത്തിലാണ് ഈ പരാമർശം. കഴിഞ്ഞതിലും വരാനുള്ളതിലും മനസ്സിനെ കെട്ടിയിടരുത്. ഇപ്പോൾ ജീവിക്കുക. ബുദ്ധന്റെ ഈ ഉപദേശമാണ് വാസ്തവത്തിൽ ആർട്ട് ഓഫ് ലിവിംഗ് അഥവാ ജീവനകലയുടെ ആചാര്യൻ ശ്രീ. രവിശങ്കർ കടമെടുത്ത് സ്വന്തം കണ്ടുപിടുത്തമായി അവതരിപ്പിക്കുന്നത്.

### ആത്മനിയന്ത്രണം

വ്യക്തിത്വം നിർണ്ണയിക്കുന്നതിൽ ആത്മനിയന്ത്രണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള വിശകലനമാണ് റവ.ഡോ.ജോൺ എഫ്.ചെറിയവെളിയുടെ എങ്ങനെ ആത്മസംയമനം നേടാം എന്ന ലേഖനം (ശാലോം ടൈംസ് മാസിക). ക്രിസ്തുവിന്റെ ബലിയിൽ പങ്കുചേരാനാണ് വിശ്വാസികൾ വിളിക്കപ്പെട്ടിരിക്കുന്നത്. അത് നാം തിരിച്ചറിയണമെന്ന് ആർച്ച് ബിഷപ്പ് ഫുൾട്ടൻ ജെ.ഷീൻ സമർപ്പണം എന്ന ലേഖനത്തിൽ സമർത്ഥിക്കുന്നു. ദൈവം പ്രാർത്ഥന കേൾക്കുന്നില്ലെന്ന് വിലപിക്കുന്നവർക്കും പ്രാർത്ഥിച്ചു മടുത്തവർക്കും പുതിയ ഉൾക്കാഴ്ച നൽകുന്ന ലേഖനമാണ് കണ്ണീരിന്റെ വിളവുകൾ. എഴുതിയിരിക്കുന്നത് ശാന്തിമോൻ ജേക്കബ്. ഒരു അഭിഭാഷകന്റെ കേസ് ഡയറിയിലെ വിവരങ്ങളെ മുൻനിർത്തി വർദ്ധിച്ചുവരുന്ന വിവാഹമോചനങ്ങളുടെ കാരണങ്ങളെപ്പറ്റിയുള്ള അന്വേഷണമാണ് അകലാൻ എന്തെളുപ്പം എന്ന പ്രൊഫ.പി.വി.ജെയിംസിന്റെ ലേഖനം. മറ്റുള്ളവരുടെ ജീവിതത്തിൽ ഇടപെടാൻ ദൈവം ചിലപ്പോൾ നമ്മെ മാർഗ്ഗമാക്കാറുണ്ട്. അതിന്റെ പിന്നിൽ അവിടുത്തേക്ക് വലിയ പദ്ധതികൾ ഉണ്ടായിരിക്കുമെന്നതിന്റെ തെളിവായി ഒരു അനുഭവം റോയി അഗസ്റ്റിൻ ജീസസ് ഈസ് എലൈവ് എന്ന ലേഖനത്തിൽ വിവരിക്കുന്നു.

വി.ഫ്രാൻസിസ് ഡി.സാലസിന്റെ വാക്കുകൾ കൊടുത്തിരിക്കുന്നത് ശ്രദ്ധേയമാണ്. ഒരു വസ്തു കാണുന്നതല്ല അതിൽ ദൃഷ്ടി ഉറപ്പിക്കുന്നതാണ് ആത്മനാശത്തിനു കാരണമാകുന്നത്. വി.ജോൺ ക്രിസോസ്റ്റത്തിന്റെ വാക്കുകളാണ് മറ്റൊന്ന്. സുവിശേഷത്തിന്റെ ഒരു പ്രതി ഇരിക്കുന്ന മുറിപോലും അന്ധകാരത്തിന്റെ ആത്മാക്കളെ അകറ്റിനിർത്തുന്നു. അവിടം അവരുടെ കാപട്യങ്ങൾക്ക് ഉതകാത്ത സ്ഥാനമാണ്. വി.ജെറോമിന്റെ വാക്കുകളും ശ്രദ്ധേയം. നാം ദഹിച്ചുപോകാതിരിക്കുന്നത് ദൈവത്തിന്റെ കരുണകൊണ്ടാണ്. അവിടുത്തെ ദയ ഇനിയും നിലച്ചിട്ടില്ല.

### ഷോക്കേൽക്കാതിരിക്കാൻ

വീടുകളിലേക്ക് ഇലക്ട്രിക് ഉപകരണങ്ങൾ വാങ്ങുമ്പോഴും ഉപയോഗിക്കുമ്പോഴും വൈദ്യുതി ലാഭിക്കുവാനുള്ള കാര്യങ്ങളാണ് വീട്ടുകാര്യം പംക്തിയിൽ ഷോക്കേൽക്കാതെ ബില്ലടയ്ക്കാം എന്ന ലേഖനത്തിൽ (ഗൃഹലക്ഷ്മി മാസിക). പ്രൊഫഷണൽ ബിരുദമുള്ള മൂന്നിലൊന്ന് മലയാളിപ്പെൺകുട്ടികളും ജോലി ചെയ്യുന്നത് മറുനാട്ടിൽ. ഇതെന്തുകൊണ്ട് സംഭവിച്ചു എന്ന അന്വേഷണമാണ് അവർ നാടുവിടുന്നു എന്ന ലേഖനത്തിൽ. സന്ധ്യമയങ്ങുമ്പോൾ ദുബായ് നഗരം ചൂടുപുതപ്പുനീക്കി ഉറക്കമുണരും. പിന്നെ പുലരുവോളം ആഘോഷങ്ങൾ. ദുബായ് നഗരത്തിലെ ഒരു സായാഹ്നം ഇതാ ഇവിടെ തുടങ്ങുന്നു.... ദുബായ് കാഴ്ചകൾ വിവരിക്കുന്ന ലേഖനമാണ് ഇവിടെ രാത്രികൾ പൂക്കുന്നു.

### ഭാരതീയം മാർത്തോമ്മൻ പൈതൃത സ്മൃതിയാത്ര

കുട്ടികളെ സണ്ടേസ്ക്കൂളിൽ വിടുന്നതിൽ മാതാപിതാക്കൾ മടികാണിക്കരുതെ എന്ന മലങ്കരസഭാദീപം സെപ്റ്റംബർ പ്രഥമ ലക്കത്തിലെ പി.എം.മാത്യു കറ്റാനത്തിന്റെ ലേഖനം ശ്രദ്ധേയമാണ്. സാമൂഹ്യ സാംസ്ക്കാരിക ആത്മീയ മണ്ഡലങ്ങളിലൊക്കെ അനീതിയുടെയും അധർമ്മത്തിന്റെയും കാർമേഘപടലങ്ങൾ ഉരുണ്ടുകൂടിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടങ്ങളിൽ കുട്ടികൾക്ക് നല്ല കരുത്തും കാഴ്ചപ്പാടും ലഭിക്കാൻ അവർക്ക് ദൈവദർശനം ഉണ്ടായിരിക്കണമെന്ന് അതിൽ ചൂണ്ടിക്കാണിക്കുന്നു. കാതോലിക്കേറ്റ് ശതാബ്ദി ആഘോഷങ്ങളുമായി ബന്ധപ്പെട്ട ഭാരതീയം മാർത്തോമ്മൻ പൈതൃക സ്മൃതിയാത്രയെക്കുറിച്ചും നവംബർ 25-ലെ മറൈൻ ഡ്രൈവിലെ മഹാസമ്മേളനത്തെക്കുറിച്ചുമുള്ള വാർത്തകളുമായാണ് ദീപം ദ്വിതീയലക്കം ഇറങ്ങിയിരിക്കുന്നത്. മലങ്കരയിലെ കാതോലിക്കാ സ്ഥാപനത്തിന്റെ രേഖകൾ എന്ന ഫാ. ഡോ.എം.ഒ.ജോണിന്റെ കുറിപ്പിൽ ഉൾപ്പെടുത്തിയിട്ടുള്ള അബ്ദേദു മ്ശിഹാ പാത്രിയർക്കീസിന്റെ 1912ലെ കൽപ്പനയും ആ സമയങ്ങളിലെ പത്രവാർത്തകളും വിജ്ഞാനം പകരുന്നവയാണ്.

### പെരുന്തച്ചൻ

അഭിനയകലയുടെ പെരുന്തച്ചന് വിട എന്നതാണ് സംസ്ക്കാര വാർത്താ പത്രികയുടെ പ്രധാന വാർത്ത. ഇരുനൂറിലധികം സിനിമകളിലൂടെ വിവിധങ്ങളായ കരുത്തുറ്റ കഥാപാത്രങ്ങളെ അവതരിപ്പിച്ച അനശ്വരനടനാണ് തിലകൻ എന്നതിൽ രണ്ടു പക്ഷമില്ല. എഡിറ്റോറിയലിലെ ഒരു നിരീക്ഷണം ശ്രദ്ധേയമാണ്. ക്യാമ്പസ്സുകൾ സൗഹൃദപ്രണയബന്ധങ്ങളുടെ ഊഷ്മളതയുടെ വിളനിലങ്ങളായിരുന്നു. എന്നാൽ ഇന്ന് ബന്ധങ്ങളുടെ ആഴം കുറഞ്ഞ് പരപ്പ് വർദ്ധിക്കുന്ന അവസ്ഥയാണുള്ളത്. ഒരേ ബഞ്ചിൽ അടുത്തിരിക്കുന്നവന്റെ നീറുന്ന പ്രശ്നങ്ങൾ കാണാതെ അദൃശ്യനായ സുഹൃത്തിന്റെ നിസാര പ്രശ്നങ്ങളിൽ ആകുലപ്പെടുന്ന തരത്തിൽ ഫേസ്ബുക്കും ടിറ്ററും അടങ്ങുന്ന സോഷ്യൽ നെറ്റ് ർക്കിംഗ് സൈറ്റുകളുടെ സ്വാധീനം വർദ്ധിക്കുകയാണ്. സമൂഹത്തിന്റെ കൃത്യമായ പരിഛേദം തന്നെയാണ് സോഷ്യൽ നെറ്റ് വർക്ക് സൈറ്റുകൾ എന്ന മിഥ്യാധാരണയാണ് പലരിലും. പ്രതികരണങ്ങളും പ്രതിഷേധങ്ങളും സോഷ്യൽ നെറ്റ് വർക്കിംഗ് സൈറ്റിലൂടെ മാത്രം പ്രകടിപ്പിച്ചാൽ മതിയെന്ന തെറ്റായ ചിന്തയാണ് പലരേയും ഭരിക്കുന്നത്.

### കന്യാസ്ത്രീകൾ കുറയുന്നു

വൈദികരുടെ നിസ്വാർത്ഥസേവനം സഭകളുടെ അടിത്തറയെന്ന് മന്ത്രി പി.ജെ.ജോസഫ് (മലങ്കരവാർത്ത). കുട്ടികളുള്ള വിധവകളെയും വിവാഹമോചിതരെയും കന്യാസത്രീകളാക്കാൻ യാക്കോബായ സഭ (പുത്തൻകുരിശ് സൊസൈറ്റി) ആലോചിക്കുന്ന കാര്യവും ഫ്രണ്ട് പേജിൽ ബോക്സ് ന്യൂസായി കൊടുത്തിട്ടുണ്ട്. സഭയുടെ കീഴിലുള്ള ആശുപത്രികൾ, അനാഥാലയങ്ങൾ, വിദ്യാഭ്യാസസ്ഥാപനങ്ങൾ എന്നിവയുടെ പ്രവർത്തനത്തെ കന്യാസ്ത്രീകളുടെ കുറവ് ഗണ്യമായി ബാധിച്ചതിനാൽ അതു പരിഹരിക്കാനാണ് ഈ വിട്ടുവീഴ്ചയെന്ന് അതിൽ പറയുന്നു. കുട്ടികൾക്ക് വിദ്യാഭ്യാസം നൽകി മഠങ്ങളിൽതന്നെ സംരക്ഷിക്കാൻ സഭ പ്രത്യേക സംവിധാനങ്ങളൊരുക്കുമത്രെ. എല്ലാ സഭകളിലും കന്യാസ്ത്രീകളാകാൻ തയ്യാറുള്ളവരുടെ എണ്ണം അടുത്തകാലത്ത് ക്രമാതീതമായി കുറഞ്ഞുവരികയാണെന്നത് സത്യം.

സഭാസ്ഥാനങ്ങളിൽ പ്രവേശിക്കുന്നവർ മദ്യപരല്ലെന്നു സത്യവാങ്മൂലം നൽകണമെന്ന മാർത്തോമമാ മെത്രാപ്പോലീത്തായുടെ നിർദ്ദേശവും പ്രഥമ പേജിലുണ്ട്. മറ്റു സഭകളും ഇത് നടപ്പിലാക്കിയാൽ പല സമിതികളിലും ആളു തികയുമോ എന്ന് കണ്ടറിയണം.

ശയ്യാവലംബികളായ രോഗികകൾക്കും വൃദ്ധർക്കും ആശ്വാസവും സംരക്ഷണവും നൽകാനായി സഭയുടെ മാനവ ശാക്തീകരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിൽ പ്രത്യേക പരിപാടികൾ ആവിഷ്ക്കരിക്കുന്നതിന്റെ വാർത്തയുമുണ്ട്. സ്നേഹത്തണലിൽ ഈ സായാഹ്നം എന്നാണ് പ്രോഗ്രാമിന്റെ പേര്. ഡൽഹി സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ അംഗമായ ഹരിപ്പാട്ടുകാരൻ തോമസ് മാത്യുവിന്റെ രാഷ്ട്രപതിയുടെ ജോയിന്റ് സെക്രട്ടറിയായി നിയമിച്ച വാർത്തയും ഫോട്ടോ സഹിതം ഉണ്ട്. വിനയാന്വിതയായ ഹന്ന എന്ന ഫാ.മാത്യു വർഗീസ് പുളിമൂട്ടിലിന്റെ ലേഖനം ഹന്നായുടെ വിശ്വാസം, വിശ്വസ്തത, വിനയം, താഴ്മ, സമർപ്പണം എന്നിവ എടുത്തുകാട്ടുന്നു.

സഭാതർക്കം - കോലഞ്ചേരി പള്ളിയിൽ ലക്ഷക്കണക്കിനു രൂപാ നശിക്കുന്നു, രോഗികൾക്ക് ആശ്വാസമേകി കല്ലടപള്ളിയിലെ ഔഷധക്കിണർ, കോളജ് പ്രിൻസിപ്പാൾ നിയമത്തിനു മാർത്തോമ്മാസഭയെ മാതൃകയാക്കണം, തെരഞ്ഞെടുപ്പിൽ നിൽക്കാൻ യോഗ്യത സഭാപാരമ്പര്യമുള്ളവർക്ക് തുടങ്ങിയ വാർത്തകളും ഉണ്ട്.

പ്രതിസന്ധികളിലും അഭിസന്ധികളിലും പൗരാണിക പാരമ്പര്യത്തിനും വിശ്വാസത്തിനും വേണ്ടി ത്യാഗം സഹിച്ച സഭാപിതാക്കന്മാരെ ഓർക്കണം. അവർ നേടിത്തന്ന മലങ്കരസഭയുടെ സത്വവും സ്വാതന്ത്ര്യവും അഭംഗുരം കാത്തുസൂക്ഷിക്കുവാൻ നമുക്കാവട്ടെ എന്ന ആഹ്വാനത്തോടെയാണ് കാതോലിക്കേറ്റ് സ്ഥാപനം ഒരു തിരിഞ്ഞുനോട്ടം എന്ന കോരസൺ വർഗീസിന്റെ ലേഖനം അവസാനിക്കുന്നത്.

# കാതോലിക്കേറ്റ് സ്ഥാപനത്തോടനുബന്ധിച്ച് പ.അബ്ദേദു മ്ശിഹാ പാത്രിയർക്കീസ് പുറപ്പെടുവിച്ച സ്താത്തിക്കോനുകൾ

ഫാ.ഡോ.എം.ഒ.ജോൺ

**ആമുഖം**

കാതോലിക്കാ സ്ഥാപനത്തെ സംബന്ധിച്ച് ഏറ്റവും പ്രധാനപ്പെട്ട രേഖകളാണ് 1912-ലെ കാതോലിക്കാ സ്ഥാനാരോഹണത്തോടനുബന്ധിച്ച് പ.അബ്ദേദു മ്ശിഹാ പാത്രിയർക്കീസ് പുറപ്പെടുവിച്ച രണ്ട് കല്പനകൾ (സ്താത്തിക്കോനുകൾ).

ഇതിൽ ഒന്നാമത്തെ കല്പന കാതോലിക്കാ വാഴ്ച നടന്ന 1912 (1088) കന്നി 2-ാം തീയതി (സെപ്റ്റംബർ 15) നിരണം പള്ളിയിൽനിന്ന് പുറപ്പെടുവിച്ചതാണ്. രണ്ടാമത്തേത് നാലുമാസത്തിനുശേഷം അതായത് 1088 കുംഭം 8-ാം തീയതി പരുമല സെമിനാരിയിൽനിന്നും എഴുതി.

രണ്ടു കല്പനകളുടെയും മലയാളം പരിഭാഷ പല പുസ്തകങ്ങളിലും ഇതിനകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതു രണ്ടും വീണ്ടും പ്രസിദ്ധീകരിക്കുന്നു. പ.അബ്ദേദു മ്ശിഹാ പാത്രിയർക്കീസിന്റെ കാനോനികമായ സ്ഥാനസാധുതയെക്കുറിച്ചോ, അതുസംബന്ധിച്ചുണ്ടായിട്ടുള്ള വാദപ്രതിവാദങ്ങളെക്കുറിച്ചോ കോടതിവ്യവഹാരങ്ങളിലെ പരാമർശനങ്ങളെക്കുറിച്ചോ ഒന്നും ഇപ്പോൾ ചർച്ചചെയ്യാൻ ആഗ്രഹിക്കുന്നില്ല.



**അബ്ദേദു മ്ശിഹാ പാത്രിയർക്കീസ് ബാവാ** 1895-ൽ അന്ത്യോഖ്യൻ സുറിയാനിസഭയുടെ പാത്രിയർക്കീസായി സ്ഥാനാരോഹണം ചെയ്തു. 1905-ൽ തുർക്കി സുൽത്താൻ അദ്ദേഹത്തിന് നൽകിയിരുന്ന അംഗീകാരകല്പന (ഫർമാൻ) പിൻവലിച്ചതിനാൽ തുർക്കി രാജ്യത്ത് ഭരണം നഷ്ടപ്പെട്ടു. 1912-ൽ മലങ്കരയിലെത്തി കാതോലിക്കാ വാഴ്ച നടത്തി. ഗീവർഗീസ് മാർ ഗ്രിഗോറിയോസ് (മൂന്നാം കാതോലിക്കാ), ഗീവർഗീസ് മാർ പീലക്സിനോസ് (രണ്ടാം കാതോലിക്കാ), യുയാക്കീം മാർ ഈവാനിയോസ് എന്നീ മെത്രാപ്പോലീത്തന്മാരെ വാഴിച്ചു. 1913-ൽ സ്വദേശത്തേക്ക് മടങ്ങിയ പാത്രിയർക്കീസ് 1915 ആഗസ്റ്റ് 15ന് കാലംചെയ്തു മർദ്ദീനിലെ പാത്രിയർക്കാ ആസ്ഥാനത്ത് കബറടങ്ങി.

ഈ കല്പനകൾ രണ്ടും മലങ്കരസഭയെ സംബന്ധിച്ച് വളരെ പ്രധാനപ്പെട്ടതായി ഉയർത്തിക്കാണിക്കാറുണ്ട്.

ആദ്യത്തെ കല്പനയിൽ പറഞ്ഞിരിക്കുന്നു **നിങ്ങളുടെ നിങ്ങളുടെ അപേക്ഷാനുസരണം നമ്മുടെ ആത്മീക വാത്സല്യവാനായ ഈവാനിയോസിനെ ബസേലിയോസ് എന്ന നാമധേയത്തിൽ മപ്രിയാനായായി കിഴക്കിന്റെയും അതായത് ഇന്ത്യയിലും മറ്റുമുള്ള മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിന്റെ കാതോലിക്കാ ആയി നാം പട്ടംകൊടുത്തിരിക്കുന്നു** എന്നാണ്. മലങ്കരസഭയുടെ അപ്പോസ്തോലികതയുടെയും മാർത്തോമ്മാ പൈതൃകത്തിന്റെയും പിന്തുടർച്ചയായാണ് മലങ്കരയിലെ കാതോലിക്കാ സ്ഥാനത്തെ കണ്ടിരിക്കുന്നത്.

ഒരു കാതോലിക്കാ കാലംചെയ്യുമ്പോൾ മലങ്കരസഭയ്ക്ക് അടുത്ത കാതോലിക്കായെ അഥവാ പിൻഗാമിയെ വാഴിക്കാമെന്നാണ് രണ്ടാമത്തെ സ്താത്തിക്കോനിൽ പറഞ്ഞിരിക്കുന്നത്. മലങ്കരസഭയുടെ സ്വാതന്ത്ര്യവും സ്വയംശീർഷകത്വവുമാണിവിടെ പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നത്. ഈ കല്പനകൾ പാത്രിയർക്കീസ് ഏതെങ്കിലും ഉന്നത സ്ഥാനത്തുനിന്ന് നൽകിയിരിക്കുന്ന ഒരു ഉത്തരവായിട്ടല്ല മറിച്ച് ദീവന്നാസിയോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷനായിരിക്കുന്ന സുന്നഹദോസിന്റെ ആലോചനയോടുകൂടി ചെയ്തിരിക്കുന്ന ഒരു കാര്യമായാണ് മനസ്സിലാകുന്നത്.

## അബ്ദേദു മ്ശിഹാ പാത്രിയർക്കീസിന്റെ ഒന്നാമത്തെ കല്പന അഥവാ സ്താത്തിക്കോൻ

സർവ്വശക്തനായി സാരാംശസമ്പൂർണ്ണനായിരിക്കുന്ന നിത്യന്റെ തിരുനാമത്തിൽ തനിക്ക് സ്തുതി. അന്ത്യോഖ്യായുടെ ശ്ലൈഹിക സിംഹാസനത്തിന്റെ രണ്ടാമത്തെ അബ്ദേദു മ്ശിഹാ ആകുന്ന ഇഗ്നാത്തിയോസ് പാത്രിയർക്കീസ് (മുദ്ര)

സെഹിയോൻ മാളികയിൽവെച്ചു, നമ്മുടെ കർത്താവേശുമിശിഹാ തന്റെ പരിശുദ്ധ ശിഷ്യന്മാർക്ക് നൽകുകയും തന്റെ സാന്നിധ്യത്താൽ അവരുടെ ഹൃദയങ്ങളെ സന്തോഷിപ്പിക്കുകയും ചെയ്തതായ ദൈവീക കൃപയും, സ്വർഗ്ഗീയ വാഴ്വും, പരിശുദ്ധവും ആത്മീകവുമായ സമാധാനവും, വിലയേറിയ തിരുരക്തത്താൽ വിലയ്ക്കുകൊള്ളപ്പെട്ടവരും വി.മാമോദീസായാൽ മുദ്രകുത്തപ്പെട്ടവരും, സത്യവിശ്വാസത്താൽ അലംകൃതരും, പത്രോസിനടുത്ത പാറമേൽ സുസ്ഥിരരും ഏവൻഗേലിയോന്യവും പൈതൃകവുമായ കല്പനകളെ അനുസരിക്കുന്നവരും ആയ വാഴ്ത്തപ്പെട്ട പ്രധാനാചാര്യന്മാരും....... ആയ വൽസലന്മാരുടെ ശിരസുകളിൽന്മേൽ വന്ന് ആവസിക്കുമാറാകട്ടെ...........

നിരണത്തു വി.ദൈവമാതാവിന്റെ പള്ളിയിൽവെച്ചു മലങ്കരയിലെ മെത്രാപ്പോലീത്തന്മാരുടെ തലവനായ ഗീർഗീസ് മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്തായോടും ശേഷം മേൽപട്ടക്കാരോടും ദയറാക്കാരോടും ശെമ്മാശ്ശന്മാരോടും വിശ്വാസികളുടെ ഒരു വലിയ സമൂഹത്തോടുംകൂടി മിശിഹാകാലം 1912 കന്നിമാസം 12-ാം തീയതി ഞായറാഴ്ച സന്നിഹിതനായി. നിങ്ങളുടെ അപേക്ഷാനുസരണം നമ്മുടെ ആത്മീക വാത്സല്യവാനായ ഈവാനിയോസിനെ ബസേലിയോസ് എന്ന നാമധേയത്തിൽ മപ്രിയാനായായി കിഴക്കിന്റെയും അതായത് ഇന്ത്യയിലും മറ്റുമുള്ള മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിന്റെ കാതോലിക്കാ ആയി നാം പട്ടം കൊടുത്തിരിക്കുന്നു. തദവസരത്തിൽ എല്ലാ പിതാക്കന്മാരും ശേഷം ജനങ്ങളും ഓക്സിയോസ്, ഓക്സിയോസ്, ഓക്സിയോസ് മോറാൻ മാർ ബസേലിയോസ് കാതോലിക്കാ യോഗ്യനും അർഹനുമാകുന്നുവെന്ന് ഏക സ്വരത്തിൽ അട്ടഹസിച്ചുപറഞ്ഞു. വിളിക്കു യോഗ്യനായ പ്രകാരം അദ്ദേഹം കാതോലിക്കാ ആയി ആഘോഷിക്കപ്പെടുകയും പ്രഖ്യാപിക്കപ്പെടുകയും ചെയ്തു. നമ്മുടെ കർത്താവേശുമിശിഹായാൽ പരിശുദ്ധ ശ്ലീഹന്മാർക്കു ദാനം ചെയ്യപ്പെട്ടതുപോലെ, ദീവന്നാസിയോസ് അദ്ധ്യക്ഷനായിരിക്കുന്ന മലങ്കര അസോസിയേഷൻ അംഗങ്ങളുടെ ആലോചനയോടുകൂടി പരിശുദ്ധസഭയുടെ ക്രമപാലനത്തിനാവശ്യമായ എല്ലാ ആത്മീകവശങ്ങളും പൊതുവായി ശുശ്രൂഷിപ്പാൻ അദ്ദേഹത്തിനു പരിശുദ്ധറൂഹായാൽ അധികാരം നൽകപ്പെട്ടു. അതായത് മെത്രാപ്പോലീത്തന്മാരെയും എപ്പിസ്കോപ്പന്മാരെയും പട്ടംകെട്ടുവാനും പരിശുദ്ധ മൂറോൻ കൂദാശ ചെയ്യുവാനും ആത്മീയങ്ങളായ ശേഷമുള്ള എല്ലാ അംശങ്ങളെയും ശുശ്രൂഷിക്കുവാനും പ്രത്യേകിച്ചും, ഇതുവരെയും ഭരിച്ചിരുന്നതുപോലെ കണ്ടനാട്ട് ഇടവകയെ ഭരിപ്പാനുംതന്നെ. ഇതു നിമിത്തം നിങ്ങളുടെ സന്തോഷം ആത്മീകവും പരിപൂർണ്ണവും ആകുമാറ് ആത്മീക ശബ്ദത്തിൽ നമ്മോടൊന്നിച്ച് അവർ ഉച്ചൈസ്തരം ആഘോഷിച്ചു.

## അബ്ദേദു മ്ശിഹാ പാത്രിയർക്കീസിന്റെ രണ്ടാമത്തെ സ്താത്തിക്കോൻ

........നമ്മുടെ കർത്താവേശുമിശിഹായോടു നാം അപേക്ഷിച്ചപ്പോൾ നിങ്ങളുടെ അപേക്ഷയും ആവശ്യവും നിവർത്തിക്കുന്നതു നല്ലതാകുന്നു എന്നു തന്റെ വിശുദ്ധാത്മാവു മൂലം താൻ നമ്മെ അറിയിച്ചു. ഇതു നിമിത്തം ദൈവകൃപയാൽ നിങ്ങളുടെ അപേക്ഷപോലെ ബസേലിയോസെന്നനാമത്തിൽ മപ്രിയാനായെയും അതായത് കാതോലിക്കായെയും മൂന്നു പുതിയ മെത്രാന്മാരെയും വാഴിച്ചു. അവരിൽ ഒന്നാമതായി ഗീവർഗീസ് ഗ്രിഗോറിയോസും രണ്ടാമതായി യുയാക്കീം ഈവാനിയോസും മൂന്നാമതായി ഗീവർഗീസ് പീലക്സിനോസും ആകുന്നു. നാം കാതോലിക്കായെ വാഴിക്കാതിരുന്നാൽ മലബാറിലെ നമ്മുടെ സഭ പല കാര്യങ്ങളിൽ വെടിപ്പിലും വിശുദ്ധിയിലും നിലനിൽക്കുകയില്ലെന്നു നമുക്ക് മനസ്സിലായി. എന്നാൽ ഇപ്പോൾ കർത്താവിന്റെ ശക്തിയാൽ വെടിപ്പിലും വിശുദ്ധിയിലും എന്നേക്കും അതു നിലനിൽക്കുമന്നും, അന്ത്യോഖ്യാ സിംഹാസനത്തോടുള്ള സ്നേഹബന്ധത്തിന്റെ സംബന്ധത്തിൽ മുമ്പിലത്തേക്കാൾ അധികമായി അതു സ്ഥിരപ്പെടുമെന്നും നാം അറിയുന്നു. ഇതാകുന്നു നമ്മുടെ ഹൃദയത്തിന് സന്തോഷവും. ഇപ്പോൾ നമ്മുടെ മക്കളെ നിങ്ങൾ സമാധാനത്തോടെ വസിപ്പിൻ. നാമോ ദൈവതിരുവിഷ്ടപ്രകാരം പോകുന്നു. നാം പോകുന്നു എന്നിരുന്നാലും നിങ്ങളെ ഒരിക്കലും നാം മറക്കുന്നതല്ലെന്നു നിങ്ങൾ വിശ്വസിപ്പിൻ. എന്നാലോ ഇടവിടാതെ സ്വർഗ്ഗത്തിലേക്ക് നമ്മുടെ കണ്ണുകളെ ഉയർത്തി നമ്മുടെ രക്ഷിതാവായ മിശിഹായുടെ വിലയേറിയ രക്തത്താൽ വിലയ്ക്കുകൊള്ളപ്പെട്ട പരമാർത്ഥമുള്ള കുഞ്ഞാടുകളായ നിങ്ങൾക്കുവേണ്ടി അപേക്ഷകളും പ്രാർത്ഥനകളും കഴിക്കുന്നതാകുന്നു. നമുക്കുവേണ്ടിയും നമ്മുടെ സമുദായം ഒക്കെക്കുവേണ്ടിയും പ്രാർത്ഥിപ്പിൻ. സ്നേഹത്തിലും നിരപ്പിലും സമാധാനത്തിലും ഇരിപ്പിൻ. നിങ്ങളുടെ ശത്രുക്കൾക്കുവേണ്ടിയും വൃഥാ നിങ്ങളെ ശപിക്കുന്നവർക്കുവേണ്ടിയും പ്രാർത്ഥിപ്പിൻ. അപഹാരിയുടെ കാനോനികമല്ലാത്തവയും കാരണമില്ലാത്തവയും ആയ മുടക്കുകളെയും ശാപങ്ങളെയും നിങ്ങൾ ഭയപ്പെടേണ്ട. കലഹമുണ്ടാക്കുന്നവരെ നിങ്ങൾ ചെവിക്കൊള്ളരുത്. നന്മയായാലും തിന്മയായാലും അവരുടെ പ്രവർത്തികൾക്കു തക്കവണ്ണം ദൈവം അവരോട് പ്രതികാരം ചെയ്യും. പ്രധാന ഇടയനാകുന്ന നമ്മുടെ കർത്താവേശുമിശിഹായുടെ തൃകൈകളിൽ നിങ്ങളെ പരിപാലിച്ചുകൊള്ളുമാറാകട്ടെ.

നിങ്ങളുടെ ഇടയന്മാർ (അതായതു) കാതോലിക്കായും മെത്രാപ്പോലീത്തന്മാരും നിങ്ങൾക്കുള്ള സകല ആവശ്യങ്ങളെയും നിവൃത്തിക്കുമെന്ന് നാം ശരണപ്പെടുന്നു. കാതോലിക്കാ മെത്രാപ്പോലീത്തന്മാരോടുകൂടെ നമ്മുടെ പരിശുദ്ധപിതാക്കന്മാരുടെ കാനോനകൾക്കനുസരണമായിട്ടുനിങ്ങൾക്കു മേല്പട്ടക്കാരെ വാഴിക്കയും, വി.മൂറോൻ കൂദാശ ചെയ്കയും ചെയ്യും. കാതോലിക്കാ നിര്യാണം പ്രാപിക്കുമ്പോൾ അദ്ദേഹത്തിന്റെ സ്ഥാനത്തിൽ ഒരു കാതോലിക്കായെ വാഴിക്കാൻ നിങ്ങളുടെ മെത്രാൻന്മാർക്ക് അധികാരവും അവകാശവും ഉണ്ട്. ഇതിൽ നിങ്ങളെ വിരോധിപ്പാൻ ഒരുത്തനും അധികാരമില്ല. എന്നാൽ സകലവും ക്രമമായും പതിവുപോലെയും, മലങ്കര മെത്രാപ്പോലീത്താ ആകുന്ന ദീവന്നാസിയോസ് അദ്ധ്യക്ഷനായിരിക്കുന്ന കമ്മട്ടിക്കാരുടെ ആലോചനയോടുകൂടെയും ചെയ്യണം. നിങ്ങളുടെ സ്നേഹത്തോട് നാം അപേക്ഷിക്കുകയും നമ്മുടെ കർത്താവേശുമിശിഹായുടെ നാമത്തിൽ നിങ്ങളോട് നാം ബുദ്ധി ഉപദേശിക്കുകയും ചെയ്യുന്നു. കാതോലിക്കായ്ക്കും ശ്ലീഹായ്ക്കും അടുത്ത നമ്മുടെ വി.സഭ അതിന്മേൽ പണിയപ്പെട്ടിരിക്കുന്ന പത്രോസിനടുത്ത സത്യവിശ്വാസത്തിൽനിന്ന് നിങ്ങൾ തകർന്നുപോകരുത്. അന്ത്യോഖ്യായുടെ ശ്ലീഹായ്ക്കടുത്ത സിംഹാസനവുമായുള്ള സ്നേഹബന്ധത്തിന്റെ സമ്മതത്തിൽനിന്ന് അപഹാരിയായ ഒരുവന്റെ ന്യായമല്ലാത്ത ക്രിയകൾ നിമിത്തം നിങ്ങൾ വേർപിരിയരുതെന്ന് നിങ്ങളുടെ സത്യസ്നേഹത്തോട് നാം കല്പിക്കുന്നു. മുമ്പിലത്തെ നിങ്ങളുടെ പുണ്യവാന്മാരായ പിതാക്കന്മാരെപ്പോലെ നിങ്ങൾ അനുസരണമുള്ളവരും തിരിച്ചറിവുള്ളവരുമാണെന്ന് നാം അറിയുന്നു. നിങ്ങളുടെ ജ്ഞാനത്തിന് ഇതു മതി. അല്പത്തിൽനിന്ന് വളരെ നിങ്ങൾ മനസ്സിലാക്കും. കർത്താവിൽ ശുദ്ധമായിരിപ്പിൻ.

# കൂദോശ് ഈത്തോ ഞായർ

## ധ്യാനപീഠം

ഫാ.ജോൺ റ്റി.വർഗീസ് കുളക്കട

### വി.മത്തായി 16:13-23

പ.സഭയുടെ കലണ്ടർ അനുസരിച്ച് സഭാവർഷത്തെ മൂന്നു ഘട്ടങ്ങളായി തിരിച്ചിട്ടുണ്ട്. 1. കൂദോശ്ഈത്തോ മുതൽ കൃംതാവരെ. 2. കൃംതാ മുതൽ സ്ലീഹാപെരുന്നാൾവരെ. 3. സ്ലീബാപെരുന്നാൾ മുതൽ കൃംതാവരെ. ഈ മൂന്നു ഘട്ടങ്ങളിലായി നമ്മുടെ കർത്താവിന്റെ മനുഷ്യാവതാരപ്രർത്തനങ്ങൾ സഭ അനുസ്മരിക്കുകയും വിശ്വാസികൾ അവരുടെ ജീവിതത്തെ അതിനനുസരിച്ച് ക്രമപ്പെടുത്തുകയും ചെയ്യുന്നു.

കൂദോശ്ഈത്തോ എന്ന വാക്കിന്റെ അർത്ഥം സഭയുടെ ശുദ്ധീകരണം എന്നാണ്. കല്ല്, മരം മുതലായവകൊണ്ടു നിർമ്മിച്ച പള്ളി ശുദ്ധീകരിക്കപ്പെടുകയല്ല പിന്നെയോ അതിൽ ഉൾപ്പെട്ടുനിൽക്കുന്ന വിശ്വാസികൾ അനുതാപത്തിന്റെ ആത്മാവിൽ വിശുദ്ധീകരിക്കപ്പെടണം. സഭയ്ക്ക് ഒരു നിർവ്വചനം:- ലോകത്തിൽനിന്നും എടുക്കപ്പെട്ട കർത്താവേശുമിശിഹായുടെ മനുഷ്യാവതാര ശരീരത്തോടു സംഘടിപ്പിക്കപ്പെട്ടിരിക്കുന്ന വിശ്വാസികളുടെ സമൂഹമാണ് സഭ. മനുഷ്യാവതാരത്തിന്റെ തുടർച്ചയാണ് സഭ. ജീവനോടിരിക്കുന്നവരും വാങ്ങിപ്പോയവരും ഇനി വരുവാനുള്ളവരും ഉൾപ്പെട്ട ഒരു വലിയ സമൂഹമാണ് സഭ. അപ്പോസ്തോലപ്രവർത്തികൾ 2:47 രക്ഷിക്കപ്പെടുന്നവരെ കർത്താവ് ദിനം പ്രതി സഭയോടു ചേർത്തുകൊണ്ടിരുന്നു.

പ.പത്രോസ് ശ്ലീഹായുടെ വീക്ഷണത്തിൽ സഭയെക്കുറിച്ചുള്ള സുപ്രധാനമായ സങ്കല്പങ്ങൾ സഭ ആത്മീയ ഗൃഹമാണ്. സഭാംഗങ്ങൾ ജീവനുള്ള കല്ലുകളാണ്. സഭ രാജകീയ പുരോഹിതവർഗ്ഗവും സ്വന്തജനവും തെരഞ്ഞെടുക്കപ്പെട്ട ജാതിയും ആണ്. കൊരിന്ത്യലേഖനത്തിൽ സഭ ദൈവമന്ദിരമാണെന്നും ക്രിസ്തുവിന്റെ ശരീരമാണെന്നും കാണുന്നു. ഇതു രണ്ടിന്റെയും വിശുദ്ധി സൂക്ഷിക്കുവാനുള്ള ആഹ്വാനം സഭാമക്കൾ എല്ലാവരും കാത്തുസൂക്ഷിക്കേണ്ടതാണ്.

സഭയുടെ ലക്ഷണങ്ങൾ പ്രധാനമായി നാല് എണ്ണം. കാതോലികം, അപ്പോസ്തോലികം, ഏകം, വിശുദ്ധം ഇവ ആണ്. മനുഷ്യവർഗ്ഗം രക്ഷപെടാൻ ഏക മാർഗ്ഗമായി യേശുക്രിസ്തുവിനാൽ സ്ഥാപിതവും ഇപ്പോഴും പണിയപ്പെട്ടുകൊണ്ടുമിരിക്കുന്നതുമായ സഭയിൽ വിശ്വസിക്കണം. വി.സഭയ്ക്ക് ആരംഭംമുതലെ ഉള്ള പേരാണ് വഴി. വി.യോഹന്നാൻ 14:6-ൽ ഞാൻതന്നെ സത്യവും വഴിയും ജീവനും ആകുന്നു. സഭയുടെ നിലനിൽപ്പ് അതിൽഉൾപ്പെട്ടു നിൽക്കുന്ന വിശ്വാസികളുടെ ജീവിതവിശുദ്ധിയാണ്. അതു ക്രമാനുഗതമായി തുടരുന്നതിന് സഭയിൽ പുരോഹിതസ്ഥാനം, കൂദാശകൾ, പൊതുആരാധന ഇവ ക്രമപ്പെടുത്തിയിരിക്കുന്നു. ആ സംഘത്തെ മാർഗ്ഗം എന്നും വിളിക്കുന്നുണ്ട്. അപ്പോസ്തോലപ്രവർത്തികളിൽ ആറുപ്രാവശ്യം മാർഗ്ഗം എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. സഭ ഏകശരീരവും ഏക ആത്മാവും ഒരു കർത്താവും ഒരു മാമോദീസായും ആണ്. സഭയിൽ ഉൾപ്പെടാത്തവരെല്ലാം നശിച്ചുപോകും എന്നു ചിന്തിക്കുവാൻ പാടില്ല. അതു സ്നേഹമുള്ള പിതാവിന്റെ കാര്യമാണ്.

വി.മത്തായി 16:13-23 വരെ നാം വായിക്കുമ്പോൾ കർത്താവു രണ്ടു ചോദ്യങ്ങൾ ശിഷ്യന്മാരോടു ചോദിക്കുന്നതായി കാണാം. 1. ജനങ്ങൾ മനുഷ്യപുത്രനെ ആരെന്നു പറയുന്നു. 2. നിങ്ങൾ എന്നെ ആരെന്നു പറയുന്നു.

ആദ്യത്തെ ചോദ്യത്തിന് ലോകപ്രകാരം ഉള്ള ഉത്തരം യോഹന്നാൻ മാംദാന, ഏലിയാ, ജെറമിയാ മറ്റുപ്രവാചകന്മാർ എന്നു സുവിശേഷത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. രണ്ടാമത്തെ ചോദ്യത്തിന് ശെമവൂൻ കീപ്പാ ശിഷ്യന്മാരുടെ പ്രതിനിധിയായി ഉത്തരം നൽകുന്നു നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ മശിഹാ ആകുന്നു. കർത്താവ് അതിനെ അംഗീകരിച്ചുകൊണ്ടും സഭയെ പണിയുന്ന കാര്യം വളരെ വ്യക്തമായി വെളിപ്പെടുത്തുന്നു. എന്നാൽ കഷ്ടതയുടെ മദ്ധ്യത്തിൽനിന്ന് യേശുതമ്പുരാനെ പിന്തിരിപ്പിക്കാൻ ശ്രമിച്ച പത്രോസിനോട് സാത്താനെ എന്നെവിട്ടുപോ നീ എനിക്ക് ഇടർച്ചയാകുന്നു എന്നു കല്പിക്കുന്നു. യേശുക്രിസ്തുവിന്റെ കഷ്ടാനുഭവ ദൗത്യത്തിൽ സഭയും പങ്കുചേരണം. എങ്കിൽ മാത്രമെ ശുദ്ധീകരണം പൂർത്തിയാകൂ.

### ഹൂദോശ് ഈത്തോ

### വി.ലൂക്കോസ് 19:47, 20:8

ശുദ്ധീകരണപ്പെരുന്നാളിൽ ശുദ്ധീകരിക്കപ്പെട്ട സഭ ഇന്ന് പരിപൂർണ്ണമായി ദൈവതിരുമുമ്പാകെ പ്രതിഷ്ഠിക്കുന്ന അഥവാ സമർപ്പിക്കുന്ന പെരുന്നാളാണ് ഹൂദോസ് ഈത്തോ. സഭാശുദ്ധീകരണംകൊണ്ടുദ്ദേശിക്കുന്നത് കല്ലും സിമന്റുംകൊണ്ട് നിർമ്മിച്ച പള്ളിയല്ല, ശുദ്ധീകരിക്കുന്നതും സമർപ്പിക്കുന്നതും പിന്നെയോ സഭയിൽ ഉൾപ്പെട്ടു നിൽക്കുന്ന വിശ്വാസികളുടെ ശുദ്ധീകരണവും സമർപ്പണവുമാണ്. ശുദ്ധീകരിക്കപ്പെട്ട ഒരു വസ്തു മാത്രമെ ദൈവതിരുമുമ്പാകെ പ്രതിഷ്ഠിക്കുവാൻ സാധിക്കുകയുള്ളു. ആയതിനാൽ വിശ്വാസികൾ എല്ലാവരും അനുതാപത്തിൽക്കൂടി ശുദ്ധീകരിക്കപ്പെടുകയും പ്രതിഷ്ഠിക്കപ്പെടുകയും ചെയ്തെങ്കിൽ മാത്രമെ രക്ഷയുടെ സോവാറിലേക്ക് ചെന്നെത്താൻ സാധിക്കൂ.

യഹൂദപാരമ്പര്യത്തിൽ ഈ പ്രതിഷ്ഠാപ്പെരുന്നാൾ അവർ ആചരിച്ചുവന്നതായി വി. യോഹന്നാന്റെ സുവിശേഷം 10:22-ൽ യെരുശലേമിൽ പ്രതിഷ്ഠോത്സവം അവർ കൊണ്ടാടി എന്നും നാം വായിക്കുന്നു. അവർ ആബാലവൃദ്ധം ഈ പ്രതിഷ്ഠാപ്പെരുന്നാളിൽ തങ്ങളെതന്നെ ശുദ്ധീകരിച്ച് യഹോവയുടെ സന്നിധിയിൽ യാഗങ്ങൾ സമർപ്പിച്ചിരുന്നു. അതു ലംഘിക്കുവാൻ പാടില്ലാത്ത നിയമമായിരുന്നു അവർക്ക്.

സമർപ്പണം എന്ന വാക്ക് സഭാജീവിതത്തിൽ വളരെ അർത്ഥപൂർണ്ണമായതാണ്. വി. വേദപുസ്തകം നാം ആദ്യന്തം പരിശോധിച്ചാൽ സമർപ്പണത്തിന്റെ ശ്രേഷ്ഠത എത്രമാത്രമാണെന്ന് മനസ്സിലാക്കാൻ സാധിക്കും. സത്യസന്ധവും നീതിയുക്തവുമായ സമർപ്പണത്തിന്റെ വിജയവും അതല്ലാതെയുള്ള സമർപ്പണത്തിന്റെ പരാജയങ്ങളും പലരുടെയും ജീവിതത്തിൽ സന്തോഷമായും മറ്റുപലർക്കും ദുഃഖത്തിന്റെയും അനുഭവമാണ് പ്രദാനം ചെയ്തതെന്ന് കാണുവാൻ സാധിക്കും.

പഴയനിയമത്തിൽ ന്യായാധിപന്മാരുടെ പുസ്തകം 11:29-40 വരെയുള്ള ഭാഗം നാം ശ്രദ്ധിക്കുമ്പോൾ യിപ്താഹിന്റെ സമർപ്പണം എത്ര ശ്രേഷ്ഠമായിരുന്നു എന്നു മനസ്സിലാക്കാം. അമ്മോന്യരുമായുള്ള യുദ്ധത്തിൽ ജയിച്ചു മടങ്ങിവരികയാണെങ്കിൽ ആദ്യം തന്നെ എതിരേറ്റുവരുന്നത് എന്താണെങ്കിലും അതിനെ യഹോവയ്ക്ക് ഹോമബലിയായി സമർപ്പിച്ചുകൊള്ളാം എന്നുള്ള നേർച്ചയിൽ യുദ്ധത്തിൽ ജയശ്രീലാളിതനായി വന്ന യിപ്താഹിനെ എതിരേറ്റ് ചെന്നത് തന്റെ ഏക മകളായിരുന്നു. തന്റെ ഹൃദയം തകർന്നു മകളെ നീ എന്റെ തല കുനിയിച്ചു. ഞാൻ യഹോവയോട് പറഞ്ഞുപോയി എനിക്കു പിന്മാറിക്കൂടാ. എത്ര ഉദാത്തമായ സമർപ്പണം. മകളുടെ മറുപടി അപ്പാ നീ യഹോവയോട് പറഞ്ഞുപോയെങ്കിൽ അപ്രകാരം എന്നോട് പ്രവർത്തിച്ചുകൊൾക. രണ്ടുപേരുടെയും സമർപ്പണം യഹോവ കൈക്കൊണ്ടു.

അപ്പോ.പ്രവ.5:1-11 വരെയുള്ള ഭാഗത്ത് അനന്യാസിന്റെയും സഫീറയുടെയും സമർപ്പണം. നിലംവിറ്റകഥ. കുറച്ചുമാറ്റിവെച്ചു. ബാക്കി ശ്ലീഹന്മാരുടെ മുമ്പാകെ സമർപ്പിച്ചു. പരിശുദ്ധാത്മാവിന്റെ നേരെ കള്ളം പ്രവർത്തിച്ചതിന്റെ ശിക്ഷ ഉടൻ ലഭിച്ചു.

ന്യായാധിപൻ 14,15,16 അധ്യായങ്ങളിൽ പരാക്രമശാലിയായിരുന്ന ശിംശോൻ യഹോവയുടെ ജനമായ യിസ്രയേലിനു വേണ്ടി പരാക്രമണങ്ങൾ കാണിച്ച ശിംശോൻ അവസാനം ഫെലിസ്ത്യരാൽ പിടിക്കപ്പെട്ടു. രണ്ടു കണ്ണും അവർ കുത്തിപ്പൊട്ടിച്ചു. മരണസമയത്തും അവൻ അനേകരെ കൊന്നു. അവനും മരിച്ചു. സമർപ്പണം തെറ്റിപ്പോയതിന്റെ അനന്തരഫലം.

പ.പരുമല തിരുമേനി ഉത്തമ സന്യാസിയായി ജീവിച്ചു. കർത്താവിനെ സന്തോഷിപ്പിച്ചു. പരിശുദ്ധപദവിയിൽ അനേകായിരങ്ങൾക്ക് ആശ്വാസം പകരുന്നു. ഏതുനിലയിലുള്ളവരായാലും വൈദികരായാലും സന്യസ്തരായാലും അയ്മേനിയായാലും അവരവർക്കു ലഭിച്ചിട്ടുള്ള വിളിയുടെ മാഹാത്മ്യം തിരിച്ചറിഞ്ഞ് വിശ്വസ്തരായി ജീവിക്കുമ്പോൾ ആ സമർപ്പണം ദൈവതിരുമുമ്പാകെ സുഗന്ധധൂപംപോലെ കൈക്കൊള്ളപ്പെടും.

## വി.യൂദാശ്ലീഹായുടെ പ്രാർത്ഥന



മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി.യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കേണമേ. യാതൊരു സഹായവും ഫലസിദ്ധിയില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കേണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യാ (ആവശ്യം പറയുക) അങ്ങേ സഹായം ഞാനപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ അങ്ങേ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

**സി.സി.വർഗീസ്, കരോട്ടേപ്പുരയിൽ, കോട്ടയം**

## പോസ്റ്റോഫീസ് സേവിംഗ്സ് ബാങ്ക് അക്കൗണ്ട്

കെ.കെ.ഡേവിസ് കോട്ടയം

സാമൂഹ്യ സുരക്ഷാ പദ്ധതികൾ ജനങ്ങളിലേക്ക് എത്തിക്കുന്നതിനും ഗ്രാമീണ ജനതയുടെ പ്രത്യേകിച്ച് ദാരിദ്ര്യരേഖയ്ക്ക് തൊട്ടുതാഴെ വരുന്നവരുടെ ബി.പി.എൽ. ഉന്നമനത്തിനുമായി ഇന്ത്യയിലെ എല്ലാ പോസ്റ്റോഫീസുകളും പ്രത്യേകിച്ച് കോട്ടയം ഡിവിഷനിലെ ബ്രാഞ്ച് പോസ്റ്റോഫീസു മുതൽ കോട്ടയം ഹെഡ്പോസ്റ്റോഫീസ് വരെയുള്ള എല്ലാ പോസ്റ്റോഫീസുകളിലും ബി.പി.എൽ. സേവിംഗ്സ് ബാങ്ക് അക്കൗണ്ട്സ് സ്ക്കീം നടപ്പിലാക്കാൻ പദ്ധതിയിട്ടിട്ടുണ്ട്. സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുടങ്ങുവാൻ ബി.പി.എൽ. കാർഡ് ഫോട്ടോകോപ്പി സഹിതം ഒരു പാസ്പോർട്ട് സൈസ് ഫോട്ടോയും മിനിമം ഡിപ്പോസിറ്റായ 50 രൂപയുമായി അടുത്തുള്ള പോസ്റ്റോഫീസിനെ സമീപിക്കുക. ബ്രാഞ്ച് ഓഫീസിൽ അക്കൗണ്ട് തുടങ്ങുവാൻ രണ്ട് ഫോട്ടോ വേണം.

ദാരിദ്ര്യ നിർമ്മാർജ്ജനത്തിന്റെ ഭാഗമായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ നടപ്പിലാക്കുന്ന സാമൂഹ്യസുരക്ഷാപദ്ധതികൾ നേരിട്ട് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരിലേക്ക് എത്തിക്കുന്നതിനായി പോസ്റ്റോഫീസ് പ്രതിജ്ഞാബദ്ധമാണ്. എല്ലാ ഗ്രാമങ്ങളിലും വീടുവീടാന്തരം തപാൽ ഉരുപ്പടികളുടെ വിതരണവും ദേശീയ സമ്പാദ്യപദ്ധതിയുടെ കൈകാര്യവുമായി പ്രവർത്തിക്കുന്ന പോസ്റ്റോഫീസുകളിൽ ബി.പി.എൽ. സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾ ഇനിയും തുറക്കാത്തവർ ഏറ്റവും അടുത്തുള്ള പോസ്റ്റോഫീസിൽ ബന്ധപ്പെടുവാൻ അഭ്യർത്ഥിക്കുന്നു.

ദൈനംദിന ആവശ്യങ്ങൾക്ക് ഉപയുക്തമാകുമാറ് പണം എപ്പോൾ വേണമെങ്കിലും നിക്ഷേപിക്കുന്നതിനും തിരിച്ചെടുക്കുവാനും സൗകര്യമുള്ള പദ്ധതിയാണ് പോസ്റ്റോഫീസ് സേവിംഗ്സ് ബാങ്ക് അക്കൗണ്ട്. എ.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്കും സേവിംഗ്സ് ബാങ്ക് അക്കൗണ്ട്, മാസവരുമാന പദ്ധതി, നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റ്, പബ്ലിക്ക് പ്രൊവിഡന്റ് ഫണ്ട്, ടൈം ഡിപ്പോസിറ്റ്, റെക്കറിംഗ് ഡിപ്പോസിറ്റ്, സീനിയർ സിറ്റിസൺ സേവിംഗ് സ്ക്കീം എന്നീ സമ്പാദ്യപദ്ധതികളിലൂടെ സമ്പാദ്യശീലം വളർത്തുന്നതിനും മറ്റും പോസ്റ്റോഫീസുകളിൽ സൗകര്യമുണ്ട്. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള പോസ്റ്റോഫീസിലെ പോസ്റ്റ്മാസ്റ്ററെ സമീപിക്കുക.

## പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവെ എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴികാണിച്ച് തരികയും എന്നോട് മററുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവിക ദാനം തരികയും ചെയ്യുന്നവനും എന്റെ ജീവിതത്തിൽ എല്ലാ ദൈവിക ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്ക് ഞാൻ നന്ദി പറയുന്നു. എത്രവലിയ ഭൗതിക ആഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്ന് അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നുഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയോടു കൂടെയായിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോട് ചേർന്നിരിക്കുന്നു.

ഈ പ്രാർത്ഥന വിശ്വാസത്തോടെ മൂന്ന് ദിവസം അടുപ്പിച്ച് ചൊല്ലുക മൂന്ന് ദിവസത്തിനു ശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും അപേക്ഷിക്കുന്നതിന് മുമ്പ് താഴെപ്പറഞ്ഞിരിക്കുന്ന രണ്ടുകാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും.
2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്രയധികം ആളുകളിൽ എത്തിക്കാമോ അത്ര അധികം ആളുകളിൽ എത്തിക്കും ഇതു പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടിയാണ്.

**ലില്ലി ബോംബെ**

# ശതാബ്ദി നിഴലിൽ കാതോലിക്കേറ്റിന്റെ പ്രസക്തി

അനീഷ് ബാബു ഹരിപ്പാട്

മലങ്കര ഓർത്തഡോക്സ് സുറിയാനിസഭ കാതോലിക്കാ പുനസ്ഥാപനത്തിന്റെ ശതാബ്ദിയുടെ നാൾവഴികളിലൂടെ കടന്നുപോകുവാൻ തയ്യാറെടുക്കുകയാണല്ലോ. പൂർവ്വപിതാക്കന്മാരുടെ പുണ്യത്തിനും സുകൃതജീവിതത്തിനും ദൈവം കനിഞ്ഞരുളിയ വരദാനമാണ് കാതോലിക്കേറ്റ് എന്നതിന് സംശയമില്ല. ലോകത്തിലെ ഏത് പുരാതനസഭയോടും കിടപിടിക്കത്തക്ക അപ്പോസ്തോലികവും പൗരാണികവുമായ ഒരു അടിത്തറ നമ്മുടെ സഭയ്ക്കുണ്ട്. ഭാരതത്തിൽ സ്വതന്ത്രമായി ഈ സഭ വളർന്നുവെങ്കിലും ക്രിസ്തീയ ലോകത്തിലെ മറ്റു പൗരാണിക സഭകളിൽനിന്നും ഒറ്റപ്പെട്ടല്ല ഇവിടുത്തെ സഭാസമൂഹം നിലനിന്നിരുന്നത്. വിദേശസഭകളുമായി ബന്ധം ഉണ്ടായിരുന്ന അവസരങ്ങളിലെല്ലാം ഭാരതസഭ അതിന്റെ തനിമയും ഉൾഭരണ സ്വാതന്ത്ര്യവും നിലനിർത്തുവാൻ യത്നിച്ചിരുന്നു. തലമുറകളായി കൈമാറിവന്ന ആ സ്വാതന്ത്ര്യബോധം തീവ്രമായി ഇന്നും തുടരുന്നു എന്നത് പ്രസക്തമാണ്. മലങ്കരയിലെ കാതോലിക്കാ സ്ഥാപനത്തിന് ചരിത്രപരവും തദ്ദേശീയവുമായ പല കാരണങ്ങളുമുണ്ടായിരുന്നു. 1912-ൽ മാത്രമാണ് കാതോലിക്കേറ്റ് സ്ഥാപിതമായെങ്കിലും അതിനും മുമ്പെ അതിനു പ്രേരകമായ പല സാഹചര്യങ്ങളും ഇവിടെ നിലനിന്നിരുന്നു. 1912-ലെ ചരിത്രപശ്ചാത്തലം കാതോലിക്കാ സ്ഥാപനത്തിന് അനുയോജ്യമായിരുന്നു. മുളന്തുരുത്തി സുന്നഹദോസും, റോയൽകോടതി വിധിയും മറ്റും മുമ്പില്ലാതിരുന്ന പല അധികാരവകാശങ്ങളും പാത്രിയർക്കീസിനു നൽകി അതിൽനിന്നും സഭയെ രക്ഷിക്കുവാനുള്ള ശ്രമമാണ് സത്യത്തിൽ കാതോലിക്കാ സ്ഥാനത്തിൽ കലാശിച്ചത്. പൗരാണികതയുടെയും സ്വാതന്ത്ര്യബോധത്തിന്റെയും പ്രതീകമായ കാതോലിക്കേറ്റിന്റെ സമകാലീനപ്രസക്തിയെക്കുറിച്ച് അല്പം ചിന്തിക്കാം.

**കാതോലിക്കേറ്റ് സ്വാതന്ത്ര്യത്തിന്റെ പ്രതീകം**

പ്രശസ്തമായ കവിവചനം ഇങ്ങനെയാണ് പാരതന്ത്ര്യം മാനികൾക്ക് മൃതിയേക്കാൾ ഭയാനകം. ഭാരതസഭയുടെ കാര്യത്തിലും പാരതന്ത്ര്യം മൃതിയേക്കാളും ഭയാനകമായിതീർന്ന നാൾവഴിയിലാണ് പ.വട്ടശ്ശേരിൽ തിരുമേനിയുടെ നേതൃത്വത്തിൽ സഭാനൗക പുതിയ മേച്ചിൽപുറങ്ങൾ തേടിയിറങ്ങുന്നത്. മലങ്കരസഭ വഴിയെ പോകുന്ന ആർക്കും കൊട്ടാവുന്ന ചെണ്ടയാണെന്നും പൂരപറമ്പിലെ കത്തിക്കരിഞ്ഞ നിലാത്തിരിയാണെന്നും കരുതിയവർക്ക് പ.വട്ടശ്ശേരിൽ തിരുമേനിയുടെ രംഗപ്രവേശനത്തോടെ അനധികൃതമായി എന്തെങ്കിലും വിത്ത് വിളവെടുക്കാമെന്ന വ്യാമോഹം സാധിക്കാതെ വന്നു എന്നതാണ് ചരിത്രസത്യം. മലങ്കരസഭയെ തന്റെ നിയന്ത്രണത്തിലാക്കുവാൻ അബ്ദുള്ള പാത്രിയർക്കീസ് പല ശ്രമങ്ങളും നടത്തി. 1911ൽ വട്ടശ്ശേരിൽ തിരുമേനിയെ മുടക്കുകയും ചെയ്തതോടെ ഇനിയും ഒരിക്കലും അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ ഇടപെടലുകൾ ഉണ്ടാകാത്തവിധം പ്രശ്നങ്ങൾ പരിഹരിക്കണമെന്ന് സഭ തീരുമാനിച്ചു. അതനുസരിച്ച് 1912 സെപ്റ്റംബർ 15 ഞായറാഴ്ച നിരണം പള്ളിയിൽ പ.വട്ടശ്ശേരിൽ തിരുമേനിയുടെയും മറ്റു മെത്രാന്മാരുടെയും സഹകരണത്തിൽ മാർ ഈവാനിയോസ് മെത്രാനെ പ്രഥമ കാതോലിക്കാ ആയി മാർ ബസേലിയോസ് എന്ന പേരിൽ അബ്ദേദു മ്ശിഹാ പാത്രിയർക്കീസ് വാഴിച്ചു. വട്ടശ്ശേരിൽ തിരുമേനിയെ മുടക്കിയതുകൊണ്ട് കാതോലിക്കേറ്റ് ഉടനെ ഉടലെടുത്തു എന്നു പറയുന്നതിൽ തെറ്റില്ല. ദാവീദ് എന്ന ഇടയചെറുക്കന്റെ കയ്യിൽ ഇത്തിരിപോന്ന കല്ലുകൾകൊടുത്ത് ഗോലിയാത്തിന്റെ മുന്നിലേക്ക് വിട്ട ദൈവം. അബ്ദുള്ള പാത്രിയർക്കീസ് എന്ന ഗോലിയാത്തിനെ നേരിടുവാൻ അബ്ദേദു മ്ശിഹാ എന്ന പാത്രിയർക്കീസിനെ സഭാഭാസുരനായ വട്ടശ്ശേരിൽ തിരുമേനിയുടെ കരങ്ങളിൽവെച്ചു കൊടുത്തു. ഇനി ഈ സഭയ്ക്ക് പല ദൂരങ്ങളും താണ്ടുവാനുണ്ട്. കാലത്തിന്റെ വെല്ലുവിളികളെ അതിജീവിക്കുവാൻ പര്യാപ്തമായി ഈ സഭ പല മേച്ചിൽപ്പുറങ്ങളിലും പുതിയ ദിശാബോധത്തോടെ ഇറങ്ങിത്തിരിക്കേണ്ടിയിരിക്കുന്നു. ദീർഘവീക്ഷണമുള്ള അത്മായ വൈദിക നേതാക്കന്മാർ കണ്ടെത്തപ്പെടുകയും നേതൃനിരയിലേക്ക് പ്രോത്സാഹിപ്പിക്കപ്പെടുകയും വേണം. സഭാസ്ഥാനങ്ങൾ അലങ്കാരമായും അഹങ്കാരമായും കാണാതെ ദൈവനിയോഗമായി മനസ്സിലാക്കണം. കുടിൽരഹിതസഭയെന്ന അസോസിസേയഷൻ സെക്രട്ടറിയുടെ ദർശനം ഒരു തുടക്കമായി കാണാം. ഈ സഭയുടെ അടിസ്ഥാനം അത്മായരും വൈദികരുമാണ്. വൈദികർ കേവലം തൊപ്പി (തൊണ്ട) തൊഴിലാളികളായി തരം താഴ്ത്തപ്പെടുവാൻ തിരുസഭ അനുവദിച്ചുകൂടാ. ശമ്പളവും പെൻഷനും ഇൻഷുറൻസും മറ്റും കാലോചിതമായി പരിഷ്ക്കരിക്കപ്പെടണം. ഭരണപരമായതും സാമ്പത്തികപരവുമായ മേഖലകളിൽ പരിജ്ഞാനം ഇടവക ശുശ്രൂഷയിൽ പ്രധാനമാണ്. ആയതിലേക്ക് ആ തരത്തിലുള്ള അറിവുകളും പകർന്നുകൊടുക്കുവാൻ വൈദികസെമിനാരിയിൽ പാഠ്യവിഷയങ്ങളുടെ കൂടെ അതും ഉൾപ്പെടുത്തണം. ആത്മീയ പ്രസ്ഥാനങ്ങൾ കേവലം ചടങ്ങുകളായി നോക്കിക്കാണാതെ തിരുസഭയുടെ സജീവശ്രദ്ധ ഉണ്ടാവണം. നാളെകളിൽ സഭയുടെ വാഗ്ദാനങ്ങളായ കുഞ്ഞുങ്ങളെ ആത്മീയരാക്കുവാൻ പങ്കുവഹിക്കുന്ന സണ്ടേസ്ക്കൂൾ പ്രസ്ഥാനം വിദ്യാർത്ഥികളുടെയും രക്ഷകർത്താക്കളുടെയും താൽപര്യക്കുറവുമൂലം മുരടിച്ചുതുടങ്ങുകയാണ്. ഭൗതികനേട്ടങ്ങൾക്ക് വേണ്ടി കുഞ്ഞുങ്ങളെ ദൈവത്തിൽനിന്ന് അകറ്റുന്ന മാതാപിതാക്കന്മാർ നമ്മുടെ നാട്ടിൽ വർദ്ധിക്കുകയാണ്. സണ്ടേസ്ക്കൂൾ പത്താംക്ലാസ്സ് പാസ്സാകാത്തവർക്ക് വിവാഹസർട്ടിഫിക്കറ്റ് കൊടുക്കുകയില്ലെന്ന നിയമം കൊണ്ടുവരേണ്ടിയിരിക്കുന്നു. വിലയില്ലാത്ത വിദ്യയായി സണ്ടേസ്ക്കൂൾ അധ്യയനം മാറിയതല്ലെ പ്രധാന കാരണം. ഈ സഭയുടെ പത്താംക്ലാസ്സ് പാസ്സായതുകൊണ്ട് ആർക്ക് എന്തുഗുണം എന്ന ചോദ്യം സ്വാഭാവികമല്ലെ. വിലകൂടിയ സ്വർണ്ണത്തിന്റെ ഒരു ഗ്രാം സ്വർണ്ണം ഫ്രീയായിട്ട് ആർക്കെങ്കിലും നൽകിയാലും ആദ്യം അവർ പറയുക ഇത് വ്യാജമായിരിക്കും. ഇത് ഒറിജിനൽ ആകാൻ വഴിയില്ല എന്നല്ലെ. അഭ്യസ്ഥവിദ്യരായ അനേകം ചെറുപ്പക്കാർ ഈ സഭയിലുണ്ട്. ഈ സഭയ്ക്ക് അവരോട് യാതൊരു ഉത്തരവാദിത്വവും ഇല്ല. മറ്റ് സഭകളിലെ സ്ഥാപനങ്ങളിൽ അഭിമുഖ പരീക്ഷയ്ക്ക് പോകുമ്പോൾ ആ സഭാംഗമല്ലാത്ത ഒറ്റക്കാരണംകൊണ്ട് ഒന്നാം റാങ്ക് നേടിയവർപോലും പിൻതള്ളപ്പെട്ടുപോകുന്നത് പതിവു കാഴ്ചയാണ്. പത്തിൽപത്തില്ലെങ്കിലും ഒരു സീറ്റെങ്കിലും യോഗ്യത മാനദണ്ഡമാക്കി മാറ്റിവെയ്ക്കുവാനുള്ള ആർജ്ജവത്വം ഈ നൂറ്റാണ്ടിൽ സഭ കാട്ടുമോ. തിരുസഭയുടെ പേര് ഉപയോഗിച്ച് ന്യൂനപക്ഷ അധികാരങ്ങളും അവകാശങ്ങളും നേടിയെടുത്തിട്ട് ഈ സഭയിലെ പിതാക്കന്മാരുടെ നിർദ്ദേശങ്ങൾക്ക് പുല്ലുവില കല്പിക്കുന്ന സ്ഥാപനങ്ങളോട് തുമ്മിയാൽ തെറിക്കുന്നത് വേണ്ടെന്ന് വെയ്ക്കുവാനുള്ള തന്റേടം കാട്ടുവാൻ നട്ടെല്ലുള്ള ഒരു ആത്മീയ നേതൃത്വം ഏതു നൂറ്റാണ്ടിൽ തിരുസഭയിൽ ഉയർന്നുവരും.

# പൊതുജനസമ്പർക്ക പരിപാടി സഭാതലത്തിൽ

ശാമുവൽ മാത്യു കുടശ്ശനാട്

കഴിഞ്ഞവർഷം ആർഭാടപൂർവ്വം നടത്തപ്പെട്ട ബഹു.മുഖ്യമന്ത്രിയുടെ പൊതുജനസമ്പർക്ക പരിപാടി തികച്ചും സ്വാഗതാർഹമായിരുന്നു. നിസ്സഹായരും നിരാലംബരുമായ പലർക്കും ഈ പരിപാടി ആശ്വാസകരമായിരുന്നു. ന്യൂനപക്ഷത്തിന്റെ എങ്കിലും പ്രശ്നങ്ങളും പരിഹരിക്കപ്പെട്ടു. ഇതേ മാതൃകയിൽ സഭാതലത്തിൽ പ.ബാവാ തിരുമേനിയുടെ അനുഗ്രഹാശിസ്സുകളോടെ ഒരു പൊതുജനസമ്പർക്ക പരിപാടി ഇന്നത്തെ സാഹചര്യത്തിൽ അനിവാര്യമായി തീർന്നിരിക്കുന്നു. സഭാംഗങ്ങൾ ദൈനംദിനം അവഗണിക്കപ്പെടുന്നു. അവരുടെ പരാതികളും അഭിപ്രായങ്ങളും ആവലാതികളും കേൾക്കാൻ ആരും ഇല്ലെന്നായിരിക്കുന്നു. ഗത്യന്തരമില്ലാതെ നിരാശരായി പലരും ഓർത്തഡോക്സ് സഭ വിട്ട് ഇതരസഭകളിലേക്ക് ചേക്കേറുന്നു. ഇതിനൊരു പരിഹാരം കാണാൻ സത്വര നടപടികൾ കൈക്കൊണ്ടില്ലെങ്കിൽ ഭരണകർത്താക്കൾക്ക് ആരെയും ഭരിക്കാനില്ലാത്ത ഒരു സ്ഥിതിവിശേഷം വന്നുകൂടായ്കയില്ല.

ഒരു എളിയ സഭാംഗമെന്ന നിലയിൽ എന്റെ അഭിപ്രായം ഇവിടെ രേഖപ്പെടുത്തുന്നു, ഒരപേക്ഷപോലെ. സഭയിലെ എല്ലാ ഇടവകകളും സന്ദർശിക്കുവാനും സഭാംഗങ്ങളുടെ ആവലാതികളും അഭിപ്രായങ്ങളും കേൾക്കുവാനും ഒരു മൂന്നംഗ കമ്മീഷനെനിയോഗിക്കുക - തീരുമാനം കൈക്കൊള്ളാനുള്ള അധികാരം നൽകി. അവർക്കിടയിൽ അഭിപ്രായവ്യത്യാസമുണ്ടായാൽ മൂന്നിൽ രണ്ടുപേരുടെ അഭിപ്രായം അന്ത്യതീരുമാനമായി കണക്കിലെടുക്കാനാണ് മൂന്നുപേർ (നമ്മുടെ ഇലക്ഷൻ കമ്മീഷൻ പോലെ).

ഈ കമ്മീഷന്റെ ഇടവക സന്ദർശനം (പകരം ഓരോ ഭദ്രാസനകേന്ദ്രത്തിലും ഒന്നുരണ്ടുദിവസം തമ്പടിച്ചും) മുൻകൂട്ടി നിശ്ചയിച്ച് കൃത്യ തീയതിയും സമയവും ഇടവകാംഗങ്ങളെ രണ്ടാഴ്ച മുമ്പെങ്കിലും അറിയിക്കണം. ഇടവകാംഗങ്ങൾക്ക് ഒറ്റയ്ക്കോ, ഗ്രൂപ്പായോ നിശ്ചയിച്ച സമയത്ത് കമ്മീഷൻ മുമ്പാകെ ഹാജരായി എല്ലാം തുറന്നു പറയാവുന്നതാണ്. കമ്മീഷൻ അംഗങ്ങൾക്കു പുറമെ ആരുംതന്നെ അവരോടൊപ്പം ഉണ്ടാവാൻ പാടില്ല. ഓരോരുത്തർക്കും പറയാനുള്ളത് കമ്മീഷൻ ക്ഷമയോടെ കേൾക്കുകയും രേഖപ്പെടുത്തുകയും വേണം. ഉടനെ തീരുമാനം കൈക്കൊള്ളാനാവാത്ത വിഷയമാണെങ്കിൽ കമ്മീഷൻ സാവകാശം (ഒരുമാസത്തിനകമെങ്കിലും) തീരുമാനം കൈക്കൊണ്ടു പരാതിക്കാരനെ വിവരം അറിയിക്കേണ്ടതാണ്. കമ്മീഷൻ പ്രവർത്തിക്കുന്നതു പക്ഷാഭേദമോ ആരോടും വിധേയത്വമോ ഇല്ലാതെ ആവണം. അവരുടെ തീരുമാനം ചോദ്യം ചെയ്യപ്പെടാനാവാത്തവിധം വ്യക്തവും സുതാര്യവും ആയിരിക്കണം. സഭാനേതൃത്വം അതംഗീകരിക്കുകയും വേണം.

സഭാംഗങ്ങളെക്കൂടി വിശ്വാസത്തിൽ എടുക്കാതെ ഒരു സഭ നിലനിൽക്കുകയില്ല. ഓരോരുത്തർക്കും അവരവരുടെ അനുഭവങ്ങൾ അനുസരിച്ചു പലതും പറയാനുണ്ടാവും. ചിലതൊക്കെ (ചിലതുമാത്രം) കഴമ്പില്ലാത്തതാവാം, ബാലിശമാവാം. എങ്കിൽപോലും അവരെ കേൾക്കുവാനും അവരെ കരുതുന്നുവെന്ന ബോധ്യം അവർക്കുണ്ടാവാനും ഒരു ക്രമീകരണം സഭാതലത്തിൽ ഉണ്ടാവുന്നതു സഭയുടെ ശ്രേയസ്സ് വർദ്ധിപ്പിക്കുകയേയുള്ളു. കലവറയില്ലാതെ ഏവരും സഭയെ സ്നേഹിക്കുകയും ചെയ്യും.


## കാര്യമ്പാടി കണ്ണാശുപത്രിയുടെ ഗിവ് സൈറ്റ് പ്രോജക്റ്റ്

**എം.ഒ.എസ്.സി. എം.എം. ഐ ഹോസ്പിറ്റൽ, കാര്യമ്പാടി പി.ഒ., വയനാട്, കേരള-673 591, ഫോൺ : 04936-247274, 9446733201**

1986 ജനുവരി 17ന് ആണ് കാര്യമ്പാടിയിൽ മലങ്കര ഓർത്തഡോക്സ് സഭയുടെ വകയായി കണ്ണാശുപത്രി ആരംഭിക്കുന്നത്. പ.കാതോലിക്കാ ബാവാ തിരുമേനി പ്രസിഡന്റും, സുൽത്താൻ ബത്തേരി ഭദ്രാസനാധിപൻ വൈസ് പ്രസിഡന്റുമായുള്ള ഗവേണിംഗ് ബോർഡിന്റെ നിയന്ത്രണത്തിലാണ് ആശുപത്രി പ്രവർത്തിച്ചുവരുന്നത്. ജാതി, മത, വർഗ്ഗ, വർണ്ണ, ഭാഷാഭേദമില്ലാതെ ചികിത്സിക്കാൻ മാർഗ്ഗമില്ലാത്ത സാധുക്കളായ എല്ലാ നേത്രരോഗികൾക്കും സൗജന്യമായി ഇവിടെ ചികിത്സ നൽകിവരുന്നു. സാമ്പത്തികശേഷിയുള്ളവരിൽനിന്നാണെങ്കിലും മിതമായ ഫീസു മാത്രമേ വാങ്ങാറുള്ളു. വയനാട് ഒരു ട്രൈബൽ ജില്ലയാണ്. അതുകൊണ്ട് സൗജന്യചികിത്സ അർഹിക്കുന്ന അനേകരുണ്ട്.

ഈ കാരണത്താൽ സുമനസ്സുകളുടെ സഹകരണത്തോടെ കൂടുതലായി സൗജന്യ ചികിത്സ നടത്തുകയെന്ന ലക്ഷ്യത്തോടെ 1993-ൽ ഗിവ് സൈറ്റ് പ്രോജക്റ്റിന് ഇവിടെ തുടക്കം കുറിച്ചു. 2011 മാർച്ച് 31 വരെയുള്ള കണക്കുപ്രകാരം 158,49120 രൂപയുടെ സൗജന്യ ചികിത്സ അർഹതപ്പെട്ടവർക്ക് നൽകാൻ സാധിച്ചു. തുന്നലില്ലാത്ത ആധുനിക താക്കോൽദ്വാര ശസ്ത്രക്രിയ വഴി ഇൻട്രാ ഒക്കുലർ ലെൻസ് കണ്ണിനുള്ളിൽ വെച്ച് കാഴ്ച നൽകുന്നതിന് 30000 രൂപ വരെ പല സ്ഥാപനങ്ങളും ചാർജ്ജ് വാങ്ങാറുണ്ട്. എന്നാൽ പാവപ്പെട്ടവർക്ക് അത് വഹിക്കുവാനുള്ള സാമ്പത്തികശേഷിയില്ലാത്തതിനാൽ അവർ അന്ധരായി തന്നെ ജീവിക്കേണ്ടിവരുന്നു. ഈ ദുസ്ഥിതിക്ക് ഒരു പരിധിവരെ പരിഹാരമാണ് ഗിവ് സൈറ്റ് പ്രോജക്റ്റ്.

ഗിവ് സൈറ്റ് പ്രോജക്റ്റ് മുഖേന ഇതിനകം 5144 താക്കോൽദ്വാര ശസ്ത്രക്രിയ സൗജന്യമായി നടത്തി സാധുക്കളായ അന്ധരെ കാഴ്ചയുള്ളവരാക്കിയിട്ടുണ്ട്. കൂടാതെ മറ്റു വിവിധ ശസ്ത്രക്രിയ വഴി 4268പേർക്ക് കാഴ്ച വൈകല്യം സൗജന്യമായി പരിഹരിച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. ഇത്രയും മഹത്തായ സേവനം നൽകുന്ന ഈ സ്ഥാപനത്തിന് അർഹിക്കുന്ന അംഗീകാരംപോലും പലപ്പോഴും ലഭിക്കാറില്ല. കൊട്ടും കുരവയും ഫ്ളക്സും ചുമരെഴുത്തും ഒന്നും ഇല്ലാത്തതായിരിക്കാം കാരണം.

നിങ്ങളുടെ ജന്മദിനം, മാമോദീസാദിനം, വിവാഹദിനം, പ്രിയപ്പെട്ടവരുടെ ഓർമ്മദിനം, ആദ്യശമ്പളദിനം തുടങ്ങിയ വിശേഷ അവസരങ്ങളിൽ പാവപ്പെട്ട ഒരന്ധനെങ്കിലും കാഴ്ച നൽകാൻ സാധിച്ചാൽ കർത്താവിന് ഏറെ പ്രസാദകരമായിരിക്കും. 2000 രൂപ ഗിവ് സൈറ്റിലേക്ക് അയച്ചുതന്നാൽ ഞങ്ങൾ നിങ്ങളുടെ പേരിൽ ഒരന്ധന് കാഴ്ച നൽകി വിവരം നിങ്ങളെ അറിയിക്കും. ശസ്ത്രക്രിയക്കു വരുന്ന അധികചിലവുകൾ ഞങ്ങൾ വഹിക്കുന്നതാണ്. കാഴ്ചയില്ലാത്തവർക്ക് കാഴ്ച നൽകുന്ന ഈ പദ്ധതിയിൽ പങ്കാളിയാകാൻ നിങ്ങളേയും ക്ഷണിക്കുന്നു. സംഭാവന നൽകുന്നവർക്ക് 80 ജി ഇളവിന് അർഹതയുണ്ട്.

കൂടുതൽ വിവരങ്ങൾക്ക് 9446733201 നമ്പരിൽ ബന്ധപ്പെടുക. നിങ്ങളുടെ സംഭാവനകൾ ക്രോസ് ചെയ്ത ചെക്ക്/ഡി.ഡി./എം.ഒ. ആയോ മീനങ്ങാടി കാനറാ ബാങ്ക് ശാഖയിലെ 0827101010768 നമ്പർ അക്കൗണ്ടിലേക്ക് ബാങ്ക് മുഖേന നേരിട്ട് അയച്ചുതരികയോ ചെയ്യാവുന്നതാണ്. IFS Code CNRB0000827 ആണ്. ബാങ്ക് മുഖേനയാണെങ്കിൽ അയച്ചാൽ ഉടനെ ഈ വിവരം അറിയിക്കുന്നത് കൃത്യമായി രസീത് നൽകാൻ സഹായിക്കും.

ചെക്കിലും ഡി.ഡി.യിലും Give Sight Project, Treasurer, MOSC MM Eye Hospital, Kariambadi എന്ന് ചേർക്കാൻ മറക്കരുത്.

**റവ.അബ്രഹാം മാത്യു എടയക്കാട്ട് കോർഎപ്പിസ്കോപ്പാ, സെക്രട്ടറി, ഗവേണിംഗ് ബോർഡ്**

## മാർത്തോമ്മൻ പൈതൃക സന്ദേശയാത്ര വിവിധ ഭദ്രാസനങ്ങളിലൂടെ.......

തിരുവിതാംകോട്, ചെങ്ങന്നൂർ, പന്തളം, കുണ്ടറ........











തുമ്പമൺ വലിയപള്ളി



സ്വീകരണമേറ്റുവാങ്ങി മാർത്തോമ്മൻ കുരിശ്





മാന്തളിർ

# പരുമല തിരുമേനി വിശുദ്ധിയുടെ പരിമളം പരത്തുന്ന വിശുദ്ധൻ

ഫാ.കെ.ഗീവർഗീസ്, ചെങ്ങമനാട് ആശ്രമം

ആരാണ് പരിശുദ്ധൻ? ദൈവം അഥവാ ദിവ്യസത്തയുമായി സവിശേഷമായി ബന്ധപ്പെടുന്ന വ്യക്തിയാണ് പരിശുദ്ധൻ. വിശ്വമതങ്ങളിലെങ്ങും സുലഭമാണ് ഇത്തരം വ്യക്തികൾ. മതജീവിതം നയിക്കുന്നവർക്ക് അനുഭവങ്ങളും അനുഭൂതികളും രുചിച്ചറിഞ്ഞ് ദിവ്യതേജസ്സുകളായി രൂപാന്തരം പ്രാപിച്ച അനേകം വിശുദ്ധന്മാരുണ്ടാകം. അങ്ങനെ രൂപാന്തരം പ്രാപിച്ച വ്യക്തിയാണ് പരിശുദ്ധനായ പരുമല തിരുമേനി. പ.തിരുമേനിയുടെ അലൗകീകമായ ദിവ്യപ്രഭ മോശയുടെ മുഖം പോലെ ശോഭയാർന്നതായിരുന്നു. ഈ ദിവ്യപ്രകാശധോരണി അനേകരെ തിരുമേനിയുടെ അടുക്കലേക്ക് എത്തിച്ചു. ഇന്നും എത്തിച്ചുകൊണ്ടേയിരിക്കുന്നു.

വിശുദ്ധരായ വ്യക്തികൾ ജീവിച്ചിരിക്കുമ്പോൾതന്നെ അലൗകീകമായ പ്രവർത്തികളും ഗുണങ്ങളും പ്രകടിപ്പിക്കുന്നു. അവയുടെ പ്രഭാവം മരണാനന്തരവും അനുഭവപ്പെടുന്നു. ഇന്ന് ഏറ്റവും അധികം ദുർവിനിയോഗം ചെയ്യപ്പെടുന്നതും ഇതാണ്. വ്യക്തികൾതന്നെ ദൈവമായി മാറുന്നു. വിശുദ്ധന്മാരും ശുദ്ധിമതികളും ഒരിക്കലും ദൈവമല്ല. സഭ അങ്ങനെ പഠിപ്പിക്കുന്നതുമില്ല. അവർ ദൈവത്തിന്റെ മദ്ധ്യസ്ഥരാണ്. ബലഹീനരായ നമ്മെ ദൈവത്തിങ്കലേക്ക് അടുപ്പിക്കുന്നവരാണ്.

പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും അസ്ഥികളും ഉപയോഗിച്ച ആരാധനാവസ്തുക്കളും അവരുടെ അദൃശ്യസാന്നിധ്യമാണ്. പൗരാണികസഭകൾ ഭക്ത്യാദരപൂർവ്വം സൂക്ഷിക്കുകയും അതിനെ വന്ദിക്കുകയും ചെയ്തിരുന്ന പാരമ്പര്യമാണുള്ളത്. എന്നാൽ നിർഭാഗ്യമെന്നുപറയാം ഇന്ന് അത് ദുർവിനിയോഗം ചെയ്യപ്പെടുന്നു. സാമ്പത്തികലാഭത്തിനും മുതലെടുപ്പിനും ഒക്കെയായിത്തീരുമ്പോൾ വിശുദ്ധി നഷ്ടപ്പെടുന്നു. തിരുശേഷിപ്പുകൾക്ക് പ്രാധാന്യമുണ്ട്. വന്ദിക്കപ്പെടേണ്ടതുമാണ്. എന്നാൽ ദേവാലയത്തേക്കാളും ബലിപീഠത്തേക്കാളും പ്രാധാന്യം കല്പിക്കുന്നത് ഒരിക്കലും അഭിലഷണീയമല്ല. സാധാരണക്കാരായ വിശ്വാസികളെ ചൂഷണം ചെയ്യുന്ന വിധത്തിലേക്ക് മാറുമ്പോൾ അവമതിക്കപ്പെടുവാൻ ഇടയാകും. വിശ്വാസികൾ യഥാർത്ഥ ഭക്തിയിൽനിന്നും അകലുവാനും ഇടയാക്കും. വിശുദ്ധന്മാർ ഒരിക്കലും ഇത് ആഗ്രഹിക്കുന്നുണ്ടാകില്ല.

പരുമലയിലെ ജനബാഹുല്യം ആരുടേയും പ്രചാരണം കൊണ്ടല്ല. രോഗസൗഖ്യമുണ്ടെന്ന് ഫ്ളെക്സ് ബോർഡിൽ പരസ്യം ചെയ്യാറില്ല. പെരുന്നാളിന് വരണം എന്ന് ആരും നിഷ്ക്കർഷിക്കാറില്ല. പെരുന്നാളിനോടനുബന്ധിച്ച് പ.ബാവാ തിരുമേനിയുടെ ഒരു കല്പന ഉണ്ടായെന്നുവരാം. പരുമലയിലെ ജനക്കൂട്ടത്തിനു കാരണം ഇതൊന്നുമല്ല. അവിടേക്ക് ചെന്ന് ആ കബറിങ്കൽ പ്രാർത്ഥിച്ചാൽ ആത്മശരീര മനസ്സുകൾക്ക് സൗഖ്യം ലഭിക്കും എന്ന് ഉറപ്പാണ്. അതിന് ചാനലുകളുടെയോ പവർവിഷന്റെയോ സഹായം ആവശ്യമില്ല. പരുമലയിൽ ഒഴുകുന്ന വിശുദ്ധിയുടെ പരിമളം ഒന്നുമാത്രമാണ്. വിശുദ്ധിയോടെ പ്രാർത്ഥനയോടെ നോമ്പോടും ഉപവാസത്തോടും ആത്മതപനത്തോടുംകൂടെ നേടിയെത്തു ആ പരിമളം സഭയിലെങ്ങും വാസന പരത്തുന്നു. അത് ഇമ്പകരമാണ്. ജാതിമതഭേദമന്യെ ആ വാസന അനുഭവിക്കുന്നു. അവിടേക്ക് കടന്നുചെല്ലേണ്ടതും ഇതേ വിശുദ്ധിയോടെ ആകുമ്പോൾ പ്രതിഫലം നിശ്ചയമായും ലഭിക്കും.

ഉദ്ദിഷ്ട കാര്യസാധ്യത്തിനുവേണ്ടിയുള്ള ഉപകരണമോ വസ്തുവോ അല്ല വിശുദ്ധന്മാർ. വിളിപ്പുറത്തു വരുന്നവരുമല്ല. നമ്മൾ വിളിച്ചാലുടൻ ഓടിവരാൻ തക്ക വാത്സല്യക്കാരല്ലല്ലോ വിശുദ്ധന്മാർ. കാര്യസാധ്യം കഴിയുമ്പോൾ ചവറ്റുകുട്ടയിലാകും. ഇന്ന് മനുഷ്യന് എല്ലാമുണ്ട്. സമ്പത്തും സൗന്ദര്യവും വിദ്യാഭ്യാസയോഗ്യതകളും ധാരാളം. ഇല്ലാത്തത് മനസമാധാനവും സ്വസ്ഥതയും. ഇത് വിലയ്ക്ക് വാങ്ങാവുന്നതല്ല. ദൈവത്തെ വിളിച്ചേ മതിയാകൂ.

പരിശുദ്ധനായ പരുമല തിരുമേനിയുടെ പ്രത്യേകതകൾ മൂന്നാണ്. പ്രഥമവും പ്രധാനവുമായത് അദ്ദേഹം ഒരു പ്രാർത്ഥനാമനുഷ്യനായിരുന്നു എന്നതാണ്. എല്ലാ യാമവേളകളിലും യാമ മദ്ധ്യത്തിൽപോലും തന്റെ ഹൃദയം ദൈവത്തോട് ചേർന്നിരുന്നു. സുസ്ഥിരമായ ഭക്തിയാണ് തിരുമേനിയുടെ മുഖത്ത് തിളങ്ങിക്കാണുന്ന ശോഭ. ഇതാണ് തിരുമേനിയെ ഒരു യഥാർത്ഥ വിശുദ്ധനാക്കിയതും. രണ്ടാമതായി അദ്ദേഹം ഒരു മഹാഗുരുവായിരുന്നു എന്നതാണ്. പ്രഗത്ഭരായ അദ്ദേഹത്തിന്റെ ശിഷ്യവൃന്ദം തന്നെ അദ്ദേഹത്തിന്റെ വീറിന്റെയും വാചാശക്തിയുടെയും ഉത്തമസാക്ഷികളാണ്. പ.വട്ടശ്ശേരിൽ തിരുമേനി, ഗീവർഗീസ് ദ്വിതീയൻ ബാവാ, കോനാട്ട് മാത്തൻ മല്പാൻ തുടങ്ങിയ മഹത്വ്യക്തികൾ തിരുമേനിയുടെ ശിഷ്യന്മാരായിരുന്നു. മൂന്നാമതായി തിരുമേനി നല്ല അജപാലകനായിരുന്നു എന്നുള്ളതാണ്. ഇന്ന് തുമ്പമൺ, കൊല്ലം, നിരണം, തിരുവനന്തപുരം, മാവേലിക്കര, ചെങ്ങന്നൂർ എന്നിങ്ങനെ ആറായി അറിയപ്പെടുന്ന ഭദ്രാസനങ്ങളുടെ ഏകോപിച്ചുള്ള ഇടയനായി പ്രവർത്തിച്ച് പള്ളികളും സ്ക്കൂളുകളും പണിത്, രോഗികളെയും അനാഥരെയും ശുശ്രൂഷിച്ച് സുവിശേഷം പ്രസംഗിക്കുകയും പ്രസംഗിച്ചത് പ്രവർത്തിക്കുകയും ചെയ്തിരുന്ന വിശുദ്ധനാണ് പരുമല തിരുമേനി. പ്രാർത്ഥനാജീവിതത്തിലൂടെ തന്റെ അജഗണങ്ങളെ മുന്നോട്ട് നയിക്കാൻ ഈ പരിശുദ്ധന് സാധിച്ചു.

നാമും പരിശുദ്ധന്റെ പെരുന്നാളിൽ വീണ്ടും സംബന്ധിക്കുന്നു. പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും പെരുന്നാളുകളിൽ സംബന്ധിക്കുമ്പോൾ അവരുടെ ജീവിതവുമായി താദാത്മ്യപ്പെടണം. അപ്പോൾ കുറവുകൾ നിറവുകളാവും, ആത്മശരീരമനസ്സുകൾക്ക് സ്വസ്ഥതയും സമാധാനവും ലഭിക്കും. വിശുദ്ധിയിലേക്ക് വരുവാനുള്ള പ്രചോദനവും ലഭ്യമാകും.

# തുമ്പമണും പരുമല തിരുമേനിയും

ഫാ.സാമുവൽ ജോൺ തേവത്തുമണ്ണിൽ

പരിശുദ്ധനായ പരുമല തിരുമേനിയുടെ പാദസ്പർശനത്താൽ പുണ്യമാക്കപ്പെട്ട പുണ്യഭൂമിയാണ് തുമ്പമൺ ഗ്രാമമെന്ന പ്രദേശം. തുമ്പച്ചെടി സമൃദ്ധമായി കണ്ടിരുന്ന സ്ഥലമായിരുന്നതുകൊണ്ട് ഈ പ്രദേശം തുമ്പമൺ ആയി എന്ന് കവികൾ വർണ്ണിക്കുമ്പോൾ, പന്തളം രാജാവിന്റെയും അതിർ അഥവാ തുമ്പ നിൽക്കുന്ന സ്ഥലം തുമ്പമൺ ആയി എന്ന് ചരിത്രകാരന്മാർ സമർത്ഥിക്കുന്നു. എന്നാൽ ബഹുഭൂരിപക്ഷം ആളുകളും ഈ സ്ഥലം 'തുമ്പോൺ' ആയി വിളിച്ചുവരുന്നു.

തുമ്പമൺ ഭദ്രാസനത്തിന്റെ ആദ്യഭരണകർത്താവായിരുന്ന പാമ്പാക്കുട മാർ യൂലിയോസ് തിരുമേനിയുടെ കാലശേഷം (1883) പരിശുദ്ധനായ പരുമല കൊച്ചുതിരുമേനി മെത്രാസന ഇടവകയുടെ ഭരണച്ചുമതല ഏറ്റെടുക്കുകയും ചെയ്തു. തിരുമേനിയുടെ ഭരണകാലം തുമ്പമൺ ഭദ്രാസന ചരിത്രത്തിലെ സുവർണ്ണ കാലഘട്ടമാണ്. പുറജാതികളുടെ ഇടയിലുള്ള സുവിശേഷ പ്രചരണങ്ങൾ, വിദ്യാഭ്യാസ അഭിവൃദ്ധി തുടങ്ങിയ സാമൂഹിക മണ്ഡലങ്ങളിൽ ബഹുമുഖാഭിവൃദ്ധി കൈവരിക്കുവാൻ കഴിഞ്ഞു.

തുമ്പമൺ നിവാസികളുടെ ഐശ്വര്യത്തിന്റെ ഉറവിടമായ പരുമല തിരുമേനിയുടെ പരിലാളനത്താൽ ഇന്നും പലതുകൊണ്ടും ഉന്നതിയിലേക്ക് ഉയർന്നുകൊണ്ടിരിക്കുന്നു. ഈ ഗ്രാമവും ഇവിടുത്തെ ദൈവമാതാവിന്റെ നാമത്തിലുള്ള ദേവാലയവും ഈ പ്രദേശത്തിന്റെ നാനാമുഖ ഉത്ഥാനത്തിനടിത്തറ പാകിയ പരിശുദ്ധ പിതാവിനെ സ്മരിക്കുന്നതുതന്നെ അനുഗ്രഹപ്രദമാണെന്ന് എല്ലാവരും വിശ്വസിക്കുന്നു. തിരുമേനി തന്റെ ഭരണകാലത്തിന്റെ ഭൂരിഭാഗവും തുമ്പമൺ ഭദ്രാസനത്തിന്റെ തലപ്പള്ളിയായ തുമ്പമൺ വലിയപള്ളിയിലാണ് ചെലവഴിച്ചത്. തിരുമേനിയുടെ ഈ പള്ളിയിലേക്കുള്ള എഴുന്നള്ളിപ്പ് ഓരോ വ്യക്തിക്കും സന്തോഷം ഉളവാക്കുന്ന ഒന്നായിരുന്നു. ജനങ്ങൾ കാഴ്ചവസ്തുക്കളുമായി തിരുമേനിയെ കാണാൻ പോയിരുന്നു. തിരുമേനിക്കും ഈ പള്ളിക്കാരോടതിരറ്റ സ്നേഹമായിരുന്നു.

ഇമ്പമേറും തുമ്പമൺ പള്ളി നിന്റെ ചെമ്പോൻമുടി ഒന്നു നഷ്ടമായി എന്ന് അദ്ദേഹത്തിന്റെ കാലശേഷം വിലപിച്ചത് എത്രയോ അന്വർത്ഥമാണ്. തിരുമേനിയുടെ ജറുശലേം യാത്രയിൽ തന്റെ സഹചാരിയായി തുമ്പമൺ കരിങ്ങാട്ടിൽ മാത്തൻ സ്ക്കറിയാ കത്തനാരെ തെരഞ്ഞെടുത്തത് അദ്ദേഹത്തിന് തുമ്പമൺകാരോടുള്ള സ്നേഹത്തിന്റെയും വിശ്വാസത്തിന്റെയും പ്രത്യക്ഷോദാഹരണമാണ്.

മനോഹരമായ തുമ്പമൺ പള്ളിയുടെ മുഖവാരം തിരുമേനിയുടെ ശില്പകലാവൈദഗ്ധ്യത്തിന്റെ ഉത്തമോദാഹരണമാണ്. മദ്ബഹായിൽ കാണുന്ന ചെറിയ ത്രോണോസുകൾ തിരുമേനി സ്ഥാപിച്ചതാകുന്നു.

1884-ൽ പള്ളിയുടെ കിഴക്കേ ഭാഗത്തു കാണുന്ന ശവക്കോട്ട നിർമ്മിക്കുവാൻ അദ്ദേഹം മുൻകൈ എടുത്തു. ഒതളക്കുഴിയിൽനിന്നു മണ്ണെടുത്ത് ശവക്കോട്ടപുരയിടവും പള്ളിമുറ്റവും ഉയർത്തി. 1885 തുമ്പമൺ ദേശത്തെ സംബന്ധിച്ചിടത്തോളം വേദനാജനകമായ ഒരു സംവൽസരമായിരുന്നു. മിക്ക വീടുകളും മസൂരി എന്ന മാരക രോഗത്തിന്റെ പിടിയിലമർന്നിരുന്നു. മന്ത്രവും അന്ധവിശ്വാസവും മാത്രം കൈമുതലായതുമൂലം ഈ രോഗഹേതുവാൽ പലരും മരിച്ചുകൊണ്ടിരുന്നു. ഈ വിവരം അറിഞ്ഞ് പരുമല തിരുമേനി ഓടിയെത്തി. വൈദികരും മറ്റു ജനങ്ങളും തിരുമേനിയെ വിശദവിവരം ധരിപ്പിച്ചു. കണ്ണുനീർ കുതിർന്ന ജനങ്ങളുടെ മുഖം കണ്ട് മനംനൊന്ത് പ്രാർത്ഥനയ്ക്കായി മദ്ബഹായിൽ കയറി. പ്രാർത്ഥന കഴിഞ്ഞ് ഇറങ്ങിവന്ന തിരുമേനിയുടെ വസ്ത്രങ്ങൾപോലും വിയർപ്പിൽ കുതിർന്നിരുന്നു. ഹൃദയംനൊന്ത പ്രാർത്ഥന ദൈവം കേട്ടു. മസൂരിബാധിത ഭവനങ്ങൾ ജാതിമതഭേദമെന്യെ തിരുമേനി സന്ദർശിച്ചു. അത്ഭുതമെന്നു പറയട്ടെ മസൂരി എന്നന്നേക്കുമായി അപ്രത്യക്ഷപ്പെട്ടു. സന്തോഷവും സമാധാനവും എങ്ങും അലതല്ലി. ഇന്നും ആ സംഭവം നന്ദി നിറഞ്ഞ ഹൃദയത്തോടെ ഇവിടുത്തെ ജനങ്ങൾ അനുസ്മരിക്കുന്നു.

തുമ്പമൺ ചന്തയുടെ ഉത്ഭവത്തിനും കാരണഭൂതൻ തിരുമേനിയാണ്. ശ്രീമൂലം തിരുനാൾ മഹാരാജാവിനെ സന്ദർശിച്ച് 1890ൽ ചന്തയ്ക്ക് പട്ടയം അനുവദിപ്പിച്ചു. തന്മൂലം ഈ ചന്തയ്ക്ക് ശ്രീമൂലപുരം ചന്ത എന്നു പേരായി. പ.പരുമല തിരുമേനി തുമ്പമണ്ണിൽ സ്ഥാപിച്ച എം.ജി.മിഡിൽ സ്ക്കൂൾ ആണ് ഇവിടുത്തെ ഒന്നാമത്തെ ഇംഗ്ലീഷ് വിദ്യാലയം. മനുഷ്യസമൂഹത്തിന്റെ വളർച്ചയ്ക്ക് വിദ്യാഭ്യാസം അനിവാര്യഘടകമാണെന്നു മനസ്സിലാക്കിയ തിരുമേനിയുടെ ലക്ഷ്യത്തിനു പിന്നിൽ ജനങ്ങൾ സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും സമഭാവനയുടെയും ബോധം വളർത്തുക എന്നതുകൂടി ഉണ്ടായിരുന്നു. 1897ൽ തുമ്പമൺ പള്ളിയുടെ സമീപം പടിപ്പുര മാളികക്കെട്ടിടത്തിലാണ് സ്ക്കൂൾ ആരംഭിച്ചത്. പടിപടിയായുള്ള പരിശ്രമത്തിന്റെ ഫലമായി 1901 ജനുവരി 23ന് പുതിയ സ്ക്കൂളിന് തിരുമേനി തന്നെ തറക്കല്ലിട്ടു. ഇന്നു ജീവിച്ചിരിക്കുന്നവരും മൺമറഞ്ഞവരുമായ നിരവധി പ്രതിഭാശാലികൾക്ക് പ്രാഥമിക വിദ്യാഭ്യാസത്തിന് സ്ക്കൂൾ വേദിയൊരുക്കിയിട്ടുണ്ട്. ഈ മഹാപരിശുദ്ധന്റെ പ്രാർത്ഥന നമുക്ക് കാവലും കോട്ടയം ആയിത്തീരട്ടെ.

## വി.യൂദാശ്ലീഹായുടെ പ്രാർത്ഥന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി.യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കേണമേ. യാതൊരു സഹായവും ഫലസിദ്ധിയില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കേണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യാ (ആവശ്യം പറയുക) അങ്ങേ സഹായം ഞാനപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ അങ്ങേ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

**ലില്ലി ബോംബെ**

## പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവെ എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴികാണിച്ച് തരികയും എന്നോട് മററുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവിക ദാനം തരികയും ചെയ്യുന്നവനും എന്റെ ജീവിതത്തിൽ എല്ലാ ദൈവിക ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്ക് ഞാൻ നന്ദി പറയുന്നു. എത്രവലിയ ഭൗതിക ആഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്ന് അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നുഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയോടു കൂടെയായിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോട് ചേർന്നിരിക്കുന്നു.

ഈ പ്രാർത്ഥന വിശ്വാസത്തോടെ മൂന്ന് ദിവസം അടുപ്പിച്ച് ചൊല്ലുക മൂന്ന് ദിവസത്തിനു ശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും അപേക്ഷിക്കുന്നതിന് മുമ്പ് താഴെപ്പറഞ്ഞിരിക്കുന്ന രണ്ടുകാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും.
2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്രയധികം ആളുകളിൽ എത്തിക്കാമോ അത്ര അധികം ആളുകളിൽ എത്തിക്കും ഇതു പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടിയാണ്.

**ലില്ലി ബോംബെ**

**Vol. 19 Issue 1**
**November 1-15**


**MALANKARA SABHA DEEPAM**
**P.B. 611, KOTTAYAM - 686001**
**Phone - 0481-2585499, Fax - 0481-2585499**

REG.No.42799/98/H6
REGISTERED No. KL/KTM/
163/2012-2014

**Rs.2**

LICENCED TO POST WITHOUT PRE-PAYMENT OF POSTAGE
LIC.NO. KL/CR/KTM/WPP - 30/2012-14

ചിരിവര —— ജോയി കുളനട




## പരുമല പദയാത്ര

പരുമലപെരുന്നാളിനോടനുന്ധിച്ച് തിരുവനന്തപുരം, കൊല്ലം, കൊട്ടാരക്കര - പുനലൂർ, അടൂർ - കടമ്പനാട്, തുമ്പമൺ, നിലയ്ക്കൽ, ചെങ്ങന്നൂർ, മാവേലിക്കര, നിരണം, ഇടുക്കി, കോട്ടയം തുടങ്ങി വിവിധ ഭദ്രാസനങ്ങളിലെ ഇടവകകളിൽനിന്ന് വൈദികരുടെ നേതൃത്വത്തിൽ പദയാത്രകൾ ആരംഭിച്ചു.

മുളന്തുരുത്തി : പരുമല പെരുന്നാളിന്റെ ഭാഗമായി ഓർത്തഡോക്സ് യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിലുള്ള 24-ാമത് പദയാത്ര നവംബർ 30ന് മുളന്തുരുത്തി കാതോലിക്കേറ്റ് സെന്ററിൽനിന്നും പുറപ്പെട്ടു. രാവിലെ അങ്കമാലി ഭദ്രാസനത്തിന്റെ യൂഹാനോൻ മാർ പോളീകാർപ്പോസ് മെത്രാപ്പോലീത്തായുടെ പ്രധാന കാർമ്മികത്വത്തിൽ നടന്ന വി.കുർബ്ബാനയ്ക്കുശേഷം കൊച്ചി ഭദ്രാസനത്തിന്റെ ഡോ.യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്താ തീർത്ഥയാത്ര ആശീർവദിച്ചു.

വാകത്താനം : വള്ളിക്കാട്ട് ദയറായിൽ നിന്നാരംഭിച്ച പരുമല പദയാത്രയ്ക്ക് മാനേജർ വെരി.റവ.ഫിലിപ്പോസ് റമ്പാൻ, അസി. മാനേജർ ഫാ.ജോയിക്കുട്ടി വർഗീസ് എന്നിവർ നേതൃത്വം നൽകി.

## ഗ്രിഗോറിയോസ് മൗണ്ടിൽ പരുമല തിരുമേനിയുടെ പെരുന്നാൾ

കൊട്ടാരക്കര : സെന്റ് ഗ്രിഗോറിയോസ് മൗണ്ട് ആശ്രമ ചാപ്പലിലെ പ.പരുമല തിരുമേനിയുടെ പെരുന്നാൾ നവംബർ 8,9 തീയതികളിൽ നടത്തുന്നു. അടൂർ - കടമ്പനാട് ഭദ്രാസനാധിപൻ സഖറിയാസ് മാർ അപ്രേം മുഖ്യ കാർമ്മികത്വം വഹിക്കും. എട്ടാംതീയതി വൈകിട്ട് സന്ധ്യാനമസ്ക്കാരത്തിനുശേഷം തിരുമേനി പ്രസംഗിക്കും. തുടർന്ന് കുരിശടിവരെ റാസ. ഒമ്പതാംതീയതി രാവിലെ 6.45ന് പ്രഭാത നമസ്ക്കാരം. 7.45ന് വി.മൂന്നിന്മേൽ കുർബ്ബാന തിരുമേനിയുടെ മുഖ്യകാർമ്മികത്വത്തിൽ. ഫാ.കോശി ജോൺ കലയപുരം, ഫാ.വൈ.എസ്.ഗീവർഗീസ് എന്നിവർ സഹകാർമ്മികരായിരിക്കും. ഫാ.കെ.ഗീവർഗീസ്, ഫാ.ഡി.മാത്യു എന്നിവർ നേതൃത്വം നൽകും.

## പരുമലപ്പെരുന്നാൾ

മധ്യപ്രദേശ്: കൽക്കട്ടാ ഭദ്രാസനത്തിന്റെ കീഴിലുള്ള സത്നാ മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് സിറിയൻ പള്ളിയിൽ പ.പരുമലതിരുമേനിയുടെ ഓർമ്മപ്പെരുന്നാൾ നവംബർ 3,4 തീയതികളിൽ വിവിധപരിപാടികളോടെ ആഘോഷിക്കും. കലഹണ്ടി ഡവലപ്മെന്റ് മിഷൻ മാനേജർ ഫാ.തോമസ്കുട്ടി പ്രധാന കാർമ്മികത്വം വഹിക്കും. ഫാ.മാത്യു.എം.മാത്യു, റ്റി.ഒ യോഹന്നാൻ, കെ.എസ്.സാബു തുടങ്ങിയവർ നേതൃത്വം നൽകും.

## വീട്ടിൽ ഒരു അടുക്കളതോട്ടം പദ്ധതി ഉദ്ഘാടനം

മല്ലപ്പള്ളി : പാതിക്കാട് സെന്റ് പീറ്റേഴ്സ് ആന്റ് സെന്റ് പോൾസ് ഓർത്തഡോക്സ് ഇടവകയുടെ ശതോത്തര രജതജൂബിലി ആഘോഷങ്ങളുടെ ഭാഗമായി യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ വീട്ടിൽ ഒരു അടുക്കളത്തോട്ടം ജൈവകൃഷിരീതിയെപ്പറ്റി സെമിനാർ നടത്തപ്പെട്ടു. തിരുവല്ല കാർഷിക ഗവേഷണ കേന്ദ്രത്തിലെ പ്രൊഫ.ഡോ.സജിത ക്ലാസ്സ് നയിച്ചു. വികാരി ഫാ.ജോൺ മാത്യു ഉദ്ഘാടനം ചെയ്തു. ട്രസ്റ്റി കെ.എ.തോമസ്, യുവജനപ്രസ്ഥാനം സെക്രട്ടറി ഷിബു ഐരൂത്തറ, സജി ഈപ്പൻ മേലേത്തറ എന്നിവർ പ്രസംഗിച്ചു. ഇടവകയിലെ എല്ലാ ഭവനങ്ങളിലും പച്ചക്കറിവിത്തുകൾ എത്തിച്ച് ഏറ്റവും നല്ല അടുക്കളതോട്ടത്തിന് സമ്മാനവും നൽകും.

## കൊട്ടാരക്കര കൺവൻഷൻ - 2013 ഒരുക്കങ്ങൾ ആരംഭിച്ചു

കൊട്ടാരക്കര : മലങ്കര ഓർത്തഡോക്സ് സഭയുടെ സുപ്രധാന കൺവൻഷനുകളിൽ ഒന്നായ കൊട്ടാരക്കര കൺവൻഷൻ 2013 ജനുവരി 20 മുതൽ 27 വരെ തീയതികളിൽ ഓർത്തഡോക്സ് ക്രിസ്ത്യൻ സെന്റർ ഗ്രൗണ്ടിൽ തയ്യാറാക്കുന്ന പന്തലിൽവെച്ച് നടത്തുന്നു.

കൊട്ടാരക്കര പുനലൂർ ഭദ്രാസനാധിപൻ ഡോ.യൂഹാനോൻ മാർ തേവോദോറോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ കോട്ടപ്പുറം സെമിനാരിയിൽ കൂടിയ യോഗത്തിൽ പൊടിയൻ വർഗ്ഗീസ്, ബെന്നി കോട്ടപ്പുറം, ഫാ.കെ.ഗീവർഗീസ് എന്നിവർ പ്രസംഗിച്ചു.

കൺവൻഷൻ ഭാരവാഹികളായി ഫാ.കെ.ഗീവർഗീസ് ചെങ്ങമനാട് ആശ്രമം (ജനറൽ കൺവീനർ), മാത്യു വർഗ്ഗീസ് (സെക്രട്ടറി), കെ.ജി.റോയി (ജോ.സെക്രട്ടറി), ബാബു ഉമ്മൻ (ട്രഷറാർ) എന്നിവരെ തെരഞ്ഞെടുത്തു.

വിവിധ കമ്മിറ്റികളുടെ ചെയർമാൻമാരായി ഫാ.സാജൻ തോമസ് (ഫിനാൻസ്), ഫാ.കോശി ജോൺ (പ്രോഗ്രാം), ഫാ.അലക്സ് മാത്യു (റിസപ്ഷൻ), ഫാ.വൈ.എസ്.ഗീവർഗീസ് (പബ്ളിസിറ്റി), ഫാ.ഷാജി ഡാനിയേൽ (സുവിശേഷ സംഘം), ഫാ.ഗീവർഗീസ് വർഗീസ് (ശബ്ദവും വെളിച്ചവും), ഫാ.സൈമൺ ലൂക്കോസ് (സമാജം), ഫാ.ജോൺ വർഗീസ് (സണ്ടേസ്കൂൾ), ഫാ.തോമസ് പി. ചെറിയാൻ (പന്തൽ - സ്റ്റേജ്), ഫാ.തോമസ് ജോൺ പണയിൽ (യുവജനപ്രസ്ഥാനം), ഫാ.ടൈറ്റസ് ജോൺ (ഗായകസംഘം), ഫാ.എൻ.ജി.ജോർജ് (വോളന്റിയേഴ്സ്), ഫാ.ഡി.ജേക്കബ് (ഓഫീസ്), എന്നിവരെയും കൺവീനർമാരായി കോശി ഉമ്മൻ, സാജു ഉമ്മൻ, ഇരിങ്ങൂർ യോഹന്നാൻ, അബു വടക്കം, ഒ.അച്ചൻകുഞ്ഞ്, കെ.ബാബു, സാറാമ്മ കോശി, മിനി ജോസ്, റ്റി.ജെ.ഫിലിപ്പ്, ജേക്കബ് ജോർജ് പാലക്കോട്ട്, ഡാനിയേൽകുട്ടി, ഷീജോമോൻ.കെ, കുഞ്ഞുമോൻ കുറ്റിയിൽ എന്നിവരേയും ഓഡിറ്ററായി ഡാനിയേൽ റ്റി.ജോണിനെയും തെരഞ്ഞെടുത്തു.

ഇരിങ്ങൂർ യോഹന്നാൻ മുൻ വർഷത്തെ റിപ്പോർട്ടും അഡ്വ.ബിജു തങ്കച്ചൻ കണക്കും അവതരിപ്പിച്ചു പാസ്സാക്കി. ഫാ.കെ.ഗീവർഗീസ് എല്ലാവർക്കും കൃതജ്ഞത രേഖപ്പെടുത്തി.

## അർദ്ധവാർഷിക ഏകദിന സമ്മേളനം

മല്ലപ്പള്ളി : ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം നിരണം ഭദ്രാസനം അർദ്ധവാർഷിക ഏകദിനസമ്മേളനം 2012 ഒക്ടോബർ 14 ഞായർ ശതോത്തര രജതജൂബിലി ആഘോഷിക്കുന്ന പാതിക്കാട് സെന്റ് പീറ്റേഴ്സ് ആന്റ് സെന്റ് പോൾസ് ഓർത്തഡോക്സ് പള്ളിയിൽവെച്ച് നടത്തപ്പെട്ടു. ഡോ.എൻ.ജയരാജ് എം.എൽ.എ. ഉദ്ഘാടനം ചെയ്തു. വെരി.റവ.സ്ലീബാ കെ.ഏബ്രഹാം റമ്പാൻ (മൗണ്ട് താബോർ ദയറാ പത്തനാപുരം), ഇടവക വികാരി ഫാ.ജോൺ മാത്യു, ഒ.സി.വൈ.എം. ഭദ്രാസന വൈസ് പ്രസിഡന്റ് ഫാ.ജേക്കബ് എം.വർഗീസ്, ഭദ്രാസന ജനറൽ സെക്രട്ടറി തോമസ് മണലേൽ, അജിമോൻ കയ്യാലത്ത്, സുനിൽ കെ.ഈശോ (ഒ.സി.വൈ.എം. ഭദ്രാസന ട്രഷറാർ), യുവജനപ്രസ്ഥാനം സെക്രട്ടറി തോമസ് മാത്യു ഐരൂത്തറയിൽ, റവ.സാം കോശി, വർഗീസ് തോമസ്, ജോജി പി. തോമസ്, അലക്സ് മണപ്പുറം, മത്തായി ടി.വർഗീസ്, ജോ ഇലഞ്ഞിമൂട്ടിൽ, സജി മമ്പ്രക്കുഴി എന്നിവർ സംബന്ധിച്ചു.

## ഭാരതീയം - മാർത്തോമ്മൻ പൈതൃക സ്മൃതിയാത്ര ചെന്നൈ, ബാംഗ്ലൂർ, ബ്രഹ്മവാർ ഭദ്രാസനങ്ങളിലും വടക്കൻ ഭദ്രാസനങ്ങളിലും

കോട്ടയം : മാർത്തോമ്മൻ പൈതൃക സ്മൃതിയാത്ര ചെന്നൈ, ബാംഗ്ലൂർ, ബ്രഹ്മവാർ ഭദ്രാസനങ്ങളിൽ നവംബർ മൂന്ന് മുതൽ ഏഴുവരെ തീയതികളിൽ നടക്കും. നവംബർ മൂന്നാം തീയതി മാർത്തോമ്മാശ്ലീഹായുടെ കബറിടം സ്ഥിതിചെയ്യുന്ന മൈലാപ്പൂരിൽനിന്ന് ആരംഭിക്കുന്ന സ്മൃതിയാത്ര ചെന്നൈ ഭദ്രാസന മെത്രാപ്പോലീത്താ ഡോ.യൂഹാനോൻ മാർ ദീയസ്കോറോസ് ഉദ്ഘാടനം ചെയ്യും. നാലിന് ബ്രോഡ്‌വെ കത്തീഡ്രലിൽ നടക്കുന്ന പൊതുസമ്മേളനം കുറിയാക്കോസ് മാർ ക്ലിമ്മീസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്യും. ഫാ.ഡോ.എം.ഒ.ജോൺ (കൺവീനർ), അത്മായ ട്രസ്റ്റി എം.ജി.ജോർജ് മുത്തൂറ്റ് (ക്യാപ്റ്റൻ), ഭദ്രാസന സെക്രട്ടറി ഫാ.ജിജി മാത്യു തുടങ്ങിയവർ നേതൃത്വം നൽകും. നവംബർ അഞ്ചിന് ബാംഗ്ലൂർ മാർ ഗ്രിഗോറിയോസ് കത്തീഡ്രലിലും ആറിന് മൈസൂർ സെന്റ് ഗ്രിഗോറിയോസ് പള്ളിയിലും പൊതുസമ്മേളനങ്ങൾ നടക്കും. നവംബർ ഏഴിന് ബ്രഹ്മവാർ ഭദ്രാസനത്തിൽ നടക്കുന്ന സന്ദേശയാത്രയ്ക്കും സമ്മേളനങ്ങൾക്കും മെത്രാപ്പോലീത്തന്മാരായ കുറിയാക്കോസ് മാർ ക്ലിമ്മീസ്, യാക്കോബ് മാർ ഏലിയാസ്, ഫാ.ഡോ.എം.ഒ.ജോൺ, എം.ജി.ജോർജ് മുത്തൂറ്റ് തുടങ്ങിയവർ നേതൃത്വം നൽകും.

നവംബർ 8ന് സുൽത്താൻ ബത്തേരിയിൽനിന്ന് ആരംഭിക്കുന്ന സന്ദേശയാത്ര നവംബർ 15ന് കോട്ടയത്ത് സമാപിക്കും. വൈദിക ട്രസ്റ്റി ഫാ.ഡോ.ജോൺസ് ഏബ്രഹാം കോനാട്ട് ക്യാപ്റ്റനായിരിക്കും.

## ബാലികസമാജം വാർഷിക ക്യാമ്പ്

തുമ്പമൺ : തുമ്പമൺ ഭദ്രാസന ബാലികാ സമാജത്തിന്റെ വാർഷിക ക്യാമ്പ് ഒക്ടോബർ 22,23,24 തീയതികളിൽ തുമ്പമൺ സെന്റ് മേരീസ് കോൺവെന്റിൽവെച്ച് നടത്തപ്പെട്ടു. വെളിച്ചത്തിന്റെ മക്കളായി നടന്നുകൊൾവിൻ എന്നുള്ളതാണ് ക്യാമ്പിന്റെ ചിന്താവിഷയം. കുറിയാക്കോസ് മാർ ക്ലിമ്മീസ് മെത്രാപ്പോലീത്ത സമ്മേളനത്തിന് അദ്ധ്യക്ഷത വഹിച്ചു. ഡോ.ജോഷ്വാ മാർ നിക്കോദിമോസ് മെത്രാപ്പോലീത്താ അനുഗ്രഹപ്രഭാഷണം നടത്തി. ഡോ. സാറാ ജോർജ്ജ് ഉദ്ഘാടനം നിർവ്വഹിച്ചു. മാത്യൂസ് മാർ തേവോദോസിയോസ് മെത്രാപ്പോലീത്താ കാതോലിക്കേറ്റ് ശതാബ്ദി സന്ദേശം നൽകി. ഫാ.ടൈറ്റസ് ജോർജ്, ഫാ.ഡോ.ജേക്കബ് ജോൺ. ഫാ.തോമസ് കെ.മാത്യു, ഫാ.ലെസ്‌ലി പി.ചെറിയാൻ തുടങ്ങിയവർ നേതൃത്വം നൽകി.

**Printed, Published and owned by Fr. Dr. M.O. John . Printed at Udaya Offset Printers, Chungam, Kottayam - 686 001 and Published at Kottayam. Editor: Kunjumon T. Omallor**